# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 19

24 മെയ് 2014 പുസ്തകം 37 ലക്കം 19 പേജ് 6


ഉൾപ്പേജുകളിൽ


- ശത്രു ശക്തനാണെന്നു മറക്കരുത് 2
- മാൽഫരിയ 3
- കൊയ്ത്ത് 4
- നുറുങ്ങുചിന്ത/ക്വിസ് 5
- ചിന്ത/കവിത 6


# ചിന്താമണ്ഡലത്തെ നിയന്ത്രിക്കുക


കെ.എൽ. യോഹന്നാൻ,
പുന്നപ്ര


## • പൗലോസിന്റെ ചില ഘനമായ നിർദ്ദേശങ്ങൾ



**"ഒടുവിൽ സഹോദരന്മാരേ, സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും, നീതിയായത് ഒക്കെയും നിർമ്മലമായത് ഒക്കെയും, രമ്യമായത് ഒക്കെയും സല്ക്കീർത്തിയായത് ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചു കൊൾവിൻ"**

**(ഫിലി. 4:8).**

ആക്ഷരികമായി ലോകം അന്ത്യത്തിൽ എത്തിയില്ലെങ്കിലും ആത്മികമായി നാം അന്ത്യനാളുകളിലാണ് ജീവിക്കുന്നത്. ഹൃദയത്തിൽ ചിന്തിക്കുന്നതു പോലെയായിരിക്കും നമ്മുടെ ജീവിതം. ആകയാൽ നമ്മുടെ ചിന്ത സ്വർഗ്ഗീയമായിരിക്കണം. നമ്മുടെ ചിന്തയെക്കുറിച്ച് ജാഗ്രതയായിരിക്കണം. "അവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെ ആകുന്നു" എന്ന് ജ്ഞാനിയായ ശലോമോൻ പറഞ്ഞിരിക്കുന്നു (സദൃ. 23:7). വിശുദ്ധ പൗലോസ് ഫിലിപ്പ്യർക്ക് എഴുതിയ ലേഖനം 4–ാം അധ്യായത്തിൽ കർത്താവു വരുവാൻ അടുത്തിരിക്കുന്നു, ആയതിനാൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്ന് ആവർത്തിച്ചു പറയുന്നു. ആകയാൽ നാം ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനം ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലി. 4:6,7) എന്ന് ഉത്ബോധിപ്പിക്കുന്നു. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രത്യാശയെയും സന്തോഷത്തെയും കാത്തുകൊൾവാൻ ദൈവമക്കളുടെ ചിന്ത എങ്ങനെ സൂക്ഷിക്കണം എന്ന് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

**1. സത്യമായത് ഒക്കെയും ചിന്തിക്കുക**

നിന്റെ വചനത്തിന്റെ സാരം സത്യം തന്നെ; നിന്റെ വചനം സത്യം ആകുന്നു (സങ്കീ. 119:160, യോഹ. 17:17). നാം എല്ലായ്പ്പോഴും ദൈവവചനം ധ്യാനിക്കണം. നാം ദൈവവചനത്തിന് ഉപരിയായി മറ്റൊന്നും വിശ്വസിക്കരുത്. ദൈവവചനം വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ ഫലപ്രദമായ വിധത്തിൽ പ്രവർത്തിക്കും (1 തെസ്സ.2:13). സാക്ഷാൽ മുന്തിരിവള്ളിയായ യേശുക്രിസ്തുവിൽ അവന്റെ കൂട്ടായ്മയിൽ നാം വിശ്വസിക്കണം. കൊമ്പുകൾ തായ്ത്തടിയിൽ നിന്ന് ആഹാരം സ്വീകരിച്ച് വളർന്നു ഫലം കായ്ക്കുന്നു. അതുപോലെ നാം യേശുക്രിസ്തുവാകുന്ന വൃക്ഷത്തിൽ വസിച്ചുകൊണ്ട് ഫലം കായ്ക്കണം. മുന്തിരിവള്ളി ദൈവത്തെയും മനുഷ്യനെയും ആനന്ദിപ്പിക്കുന്നു എന്ന് തിരുവചനം പറയുന്നു (ന്യായാ. 9:13). നാം ദൈവത്തിലും ദൈവം നമ്മിലും സന്തോഷിക്കണം. ദൈവസന്നിധിയിൽ നേരുള്ള


➢ശേഷം 2–ാം പേജിൽ


## ഈറോഡ് അനുധാവനം പൊള്ളാച്ചിയിൽ

തമിഴ്നാട്ടിലെ ഈറോഡിൽ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ടീം പ്രവർത്തിച്ചതിനെത്തുടർന്ന് അവിടെയുള്ള സഹോദരന്മാരുടെ താല്പര്യപ്രകാരം അടുത്ത അനുധാവന പ്രവർത്തനം കർത്താവ് അനുവദിച്ചാൽ പൊള്ളാച്ചിക്ക് അടുത്ത് വാൾപാറയിൽ 2014 ജൂൺ 16 മുതൽ ഒരാഴ്ചത്തേയ്ക്ക് ക്രമീകരിച്ചിരിക്കുന്നു. ദൈവജനം പ്രത്യേകം പ്രാർത്ഥിക്കുക.

*ഡിവിഷണൽ സെക്രട്ടറി*

## കുട്ടനാട്ടിൽ പുതിയ കൂടിവരവ്

**ഈര:** 2014 മെയ് മാസം 4–ാം തീയതി ഞായറാഴ്ച മുതൽ ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ ഈര എന്ന സ്ഥലത്ത് "കുട്ടനാട് ബ്രദറൺ അസംബ്ലി" എന്ന പേരിൽ ഒരു പുതിയ സഭാകൂടിവരവ് ചിങ്ങവനം ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയുടെ പൂർണ്ണസഹകരണത്തോടെയും സമീപസ്ഥലങ്ങളിലുള്ള ക്ഷണിക്കപ്പെട്ട സഭകളുടെ അറിവിലും സഹകരണത്തിലും സുവിശേഷകൻ പി.ജെ. മാത്യുവിന്റെ ഭവനത്തിൽ ആരംഭിച്ചിരിക്കുന്ന വിവരം ദൈവജനത്തിന്റെ അറിവിലേക്കായി അറിയിച്ചു കൊള്ളുന്നു.

സഭയ്ക്കുള്ള കത്തുകൾ, മറ്റ് തപാൽ ഉരുപ്പടികൾ Kuttanad Brethren Assembly, Era P.O., Neelamperoor, Alapuzha (Dist), Kerala 686 534 എന്ന അഡ്രസ്സിൽ അയയ്ക്കുവാൻ കർത്തൃനാമത്തിൽ അറിയിച്ചുകൊള്ളുന്നു.

പി.എം. സജിമോൻ, പി.ജെ. മാത്യു, ജോജോ ജേക്കബ്

പ്രായോഗികം

# ബന്ധങ്ങൾ വളരുവാൻ...


ജോൺസൺ ജോർജ്ജ്, സെക്കന്തരാബാദ്


**കൊ**ച്ചുമക്കളോടൊപ്പം ഏതാനും മാസങ്ങൾ ചെലവഴിക്കുവാനാണ് പതിവുപോലെ ഇത്തവണയും വല്യപ്പച്ചൻ എത്തിയത്. തങ്ങളുടെ തെറ്റുകൾ മാത്രം കണ്ടുപിടിച്ച് എപ്പോഴും വിമർശിക്കുന്ന സ്വഭാവമുള്ള പിതാമഹന്റെ വരവറിഞ്ഞ മക്കൾക്ക് പിരിമുറുക്കം കൂടി. സാധാരണ വന്നാൽ ചിലമാസങ്ങൾ കഴിഞ്ഞേ മടങ്ങിപ്പോവുകയുള്ളു. "ഈ സന്ദർശനം, തങ്ങളുടെ സ്വാതന്ത്ര്യത്തിന് ഒരു വിലങ്ങുതടിയായിരിക്കുമെന്നതിൽ രണ്ടുപക്ഷമില്ല" അവർ തമ്മിൽ പറഞ്ഞു. ഇത്തവണ വല്യപ്പച്ചനെ ഒന്നു 'പറ്റിക്കുവാൻ' കുസൃതികളായ കൊച്ചുമക്കൾ തീരുമാനിച്ചു. നല്ല ഉച്ചമയക്കത്തിലായിരുന്ന, തന്റെ കപ്പടാമീശയിൽ, മാസങ്ങളായി ഫ്രിഡ്ജിൽ സൂക്ഷിച്ചിരുന്ന വളരെ പഴകിയ 'ചീസ് പൊടിച്ച് വിതറിയതിനു ശേഷം ഒന്നുമറിയാത്ത ഭാവത്തിൽ അവർ മാറി നിന്നു വീക്ഷിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് മയക്കത്തിൽ നിന്നും ചാടിയെഴുന്നേറ്റ അയാൾ ചുറ്റും കണ്ണോടിച്ചു, എന്നിട്ട് തന്നോടുതന്നെ ഇങ്ങനെ പറഞ്ഞു: "ഈ മുറിമുഴുവൻ അതിഭയങ്കരമായ ദുർഗന്ധം." അവിടെ നിന്നും, സ്വീകരണമുറിയിലേക്കോടി. പിന്നീട് അടുക്കളയിലേക്കും. താൻ ചെല്ലുന്നിടത്തെല്ലാം അതിഭയങ്കര ദുർഗന്ധം. അയാൾ പറഞ്ഞു: "ഈ വീടു മുഴുവൻ ചീഞ്ഞുനാറുന്നു" അല്പം ശുദ്ധവായുവിനു വേണ്ടി പൂന്തോട്ടത്തിലേക്കയാൾ ഓടി. അവിടെയും സ്ഥിതി തഥൈവാ! അവസാനം അയാൾ ഇങ്ങനെ പറഞ്ഞു: "ഈ ലോകം മുഴുവനും ദുർഗന്ധ പൂരിതം" ഇതൊക്കെയും സുസൂക്ഷ്മം വീക്ഷിച്ചുകൊണ്ടു ദൂരെ മാറി നിന്ന കൊച്ചുമക്കൾ തന്നെ അവസാനം പ്രശ്നപരിഹാരം കാണുവൻ തീരുമാനിച്ചു. അവർ ഒരു മുഖക്കണ്ണാടി എടുത്തു കൊടുത്തിട്ട് പറഞ്ഞു: "അപ്പച്ചന്റെ മൂക്കിനു തൊട്ടു താഴെത്തന്നെയാണ് പ്രശ്നം. ഈ കണ്ണാടി നോക്കൂ, അപ്പച്ചന്റെ മീശയിൽ പറ്റിപ്പിടിച്ചിരിക്കുന്ന 'ചീസ്' ഒന്നു കഴുകിക്കളഞ്ഞാൽ മതി പ്രശ്നത്തിന് പരിഹാരമാകും."

**മറ്റുള്ളവരുടെ തെറ്റുകൾ കണ്ടുപിടിച്ച് വിമർശിക്കുവാൻ മാത്രം അറിയാവുന്ന ആ മനുഷ്യന് ഈ സംഭവം ഒരു ഗുണപാഠമായി മാറി. ഈ ലോകം മുഴുവൻ ചീഞ്ഞു നാറുന്നു, കുടുംബം നന്നല്ല, സഭയിലുള്ളവർ കൊള്ളരുതാത്തവർ എന്നൊക്കെ വിലപിക്കുന്നതിനു പകരം തന്റെ ഭാഗം ആദ്യം ശരിയാക്കുകയും ക്രമീകരിക്കുകയും ചെയ്താൽ, മറ്റുള്ളതൊക്കെ അതോടൊപ്പം ശരിയായിക്കൊള്ളുമെന്ന വലിയ ഒരു ജീവിത പാഠം താൻ പഠിച്ചു.**

മറ്റുള്ളവരുടെ തെറ്റുകൾ കണ്ടുപിടിച്ച് വിമർശിക്കുവാൻ മാത്രം അറിയാവുന്ന ആ മനുഷ്യന് ഈ സംഭവം ഒരു ഗുണപാഠമായി മാറി. ഈ ലോകം മുഴുവൻ ചീഞ്ഞു നാറുന്നു, കുടുംബം നന്നല്ല, സഭയിലുള്ളവർ കൊള്ളരുതാത്തവർ എന്നൊക്കെ വിലപിക്കുന്നതിനു പകരം തന്റെ ഭാഗം ആദ്യം ശരിയാക്കുകയും ക്രമീകരിക്കുകയും ചെയ്താൽ, മറ്റുള്ളതൊക്കെ അതോടൊപ്പം ശരിയായിക്കൊള്ളുമെന്ന വലിയ ഒരു ജീവിത പാഠം താൻ പഠിച്ചു. "മുമ്പേ സ്വന്ത കണ്ണിൽ നിന്നു കോൽ എടുത്തുകളക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്ന് കരട് എടുത്തുകളവാൻ വെടിപ്പായി കാണും" (മത്താ. 7:5).

കഥയിൽ നിന്നു ഇനി കാര്യത്തിലേക്കു കടക്കാം. "നമ്മുടെ യുവസമൂഹത്തെ നേടുവാൻ അവരുടെ മനസ്സറിഞ്ഞ് ഇടപെടുവാൻ കൃപയുള്ളവർ കുറയുന്നുവോ? നാമൊക്കെ ചോദിക്കുവാനാഗ്രഹിച്ച മേലുദ്ധരിച്ച ചോദ്യമാണ്, ചില ലക്കങ്ങൾക്ക് മുൻപ് 'സുവിശേഷധ്വനി'യിലൂടെ പത്രാധിപർ ചോദിച്ചത്. ചോദ്യത്തിൽ തന്നെ ഉത്തരവും അടങ്ങിയിട്ടുണ്ട്. അവരുടെ മനസ്സറിഞ്ഞ് ഇടപെടണം. അതാണ് പരിഹാരം. "മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്യുവിൻ" (മത്താ. 7:12). മാനുഷിക ബന്ധങ്ങളെ അരക്കിട്ട് ഉറപ്പിക്കുവാൻ ഇത്രയ്ക്കു ശക്തമായ പ്രസ്താവന നമ്മുടെ കർത്താവല്ലാതെ മറ്റാരും നടത്തിയിട്ടില്ല. 'സുവർണ നിയമം' (Golden rule) എന്നറിയപ്പെടുന്ന ഈ വചന ഭാഗം ലോകപ്രശസ്തമാണ്. ദൈവവചനമാണെന്നു തിരിച്ചറിയാതെ, അനേക മാനേജ്മെന്റ് കോളേജുകളിലും മറ്റും ഈ തത്വം പഠിപ്പിക്കുന്നുണ്ട്. അവിശ്വാസികളായ എഴുത്തുകാർ പോലും ഈ വചനത്തിൽ നിന്നും ആശയം ഉൾക്കൊണ്ട് പുസ്തകരചനകൾ നടത്തി 'ബെസ്റ്റ് സെല്ലർ' ആയി തീർന്നിട്ടുണ്ട്. ഇനിയും മറ്റുള്ളവർ നമുക്കു ചെയ്യേണമെന്ന് നാം ആഗ്രഹിക്കുന്ന ചില കാര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. പ്രശസ്ത എഴുത്തുകാരനും വേദപണ്ഡിതനുമായ ജോൺ മാക്സ്വെൽ അഞ്ചു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു:

**ഇന്ത്യയിലെയും സ്ഥിതി ഇതിനു വിപരീതമല്ല. എത്രയോ കുടുംബബന്ധങ്ങൾ, സഭാ കൂടിവരവുകൾ തകർന്നു പോകുവാൻ 'തെറ്റിദ്ധാരണ' കാരണമായിട്ടുണ്ട്.**

*(തുടരും)*


**വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2014, സെപ്റ്റംബർ 8 മുതൽ 12 വരെ**

**ബേത്ലഹേം ഇംഗ്ലീഷ് മീഡിയം സ്കൂൾ, നെന്മാറ (പാലക്കാട്). പ്രാർത്ഥിക്കുക, ഒരുങ്ങുക...**

സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക

മെയ് 24

പുസ്തകം 37, ലക്കം 19

**ശത്രു ശക്തനെങ്കിലും സർവ്വശക്തൻ നമ്മുടെ പരിചയും പലകയുമാണ്.**

# ശത്രു ശക്തനാണെന്നു മറക്കരുത്

ശക്തമായി ദൈവത്തെ ആരാധിച്ചു വന്നിരുന്ന അസാമാന്യമായ കഴിവുകളുടെ ഉറവിടമായിരുന്ന ദൈവദൂതനെ ഇന്ന് അറിയപ്പെടുന്നത് 'സാത്താൻ' എന്ന പേരിലാണ്. അവന്റെ കഴിവുകൾക്ക് അസാധാരണമായ സാധ്യതകൾ ഉണ്ടായിരുന്നു. ദൈവസിംഹാസനത്തിന്റെ മീതെ തന്റെ സിംഹാസനം ഉറപ്പിക്കുവാൻ ശ്രമിച്ചവനാണ്. ദൈവത്തേക്കാൾ തന്നെത്താൻ ഉയർത്താൻ ശ്രമിച്ചവനാണ്. ദൈവം സാക്ഷ്യം നല്കിയ ഇയ്യോബിനെ പോലും ചതിക്കുഴിയിൽ ചാടിക്കുവാൻ ദൈവവുമായി സംവാദം ചെയ്തവനാണ്. മഹാപുരോഹിതനായ യോശുവയെ കുറ്റം ചുമത്തുവാൻ യഹോവയുടെ ദൂതന്റെ മുമ്പിൽ നിൽക്കുവാൻ ധൈര്യം കാട്ടിയവനാണ്. എന്തിന് ഏറെ പറയുന്നു നമ്മുടെ കർത്താവിന്റെ ഐഹിക ജീവിതത്തിൽ മൂന്നു വിധത്തിലുള്ള പ്രലോഭനങ്ങളാൽ പരീക്ഷിക്കുവാൻ അരമുറുക്കിയവനാണ് നമ്മുടെ ശത്രുവായ സാത്താൻ.

നാം വാറ്റ് ബർഗിൽ ചെന്നാൽ അവിടെയുള്ള ഭിത്തിയിൽ ഒരു കറുത്ത പാട് കാണുവാൻ കഴിയും. അതിനെക്കുറിച്ച് പറയുന്നത് മാർട്ടിൻ ലൂഥർ അവന്റെ മഷിക്കുപ്പി എടുത്ത് പിശാചിനെ എറിഞ്ഞപ്പോൾ കുപ്പി പൊട്ടിയതു നിമിത്തം ഉണ്ടായതാണെന്നത്രേ. വലിയ ശബ്ദത്തോടെയാണ് കുപ്പി പൊട്ടിത്തെറിച്ചത്. നിരീശ്വരവാദികൾ പറയുന്നത് അത് എലികൾ മതിലിനുള്ളിൽ ഉണ്ടാക്കിയ ശബ്ദം എന്നാണ്. ഏതായാലും ഒരു കാര്യം തീർച്ചയാണ്. എത്ര വലിയ ഭക്തനായാലും അവനെ വഞ്ചിക്കുവാൻ പ്രലോഭനങ്ങളാൽ നിരന്തരം ശ്രമിക്കുന്നവനാണ് ശത്രുവായ സാത്താൻ.

കഴിഞ്ഞ കാലചരിത്രം നാം പരിശോധിച്ചാൽ സാത്താന്റെ തന്ത്രപരമായ നീക്കങ്ങളിൽ കുടുങ്ങിയ പലരേയും വേദപുസ്തകത്തിന്റെ താളുകളിലും ചരിത്രത്തിന്റെ പേജുകളിലും കാണാൻ കഴിയും. അവർ ഭക്തന്മാർ ആകാഞ്ഞിട്ടല്ല, പിന്നെയോ സാത്താന്റെ തന്ത്രങ്ങൾ അത്രയും ശക്തിയേറിയ ആയുധങ്ങൾ ആയതിനാലാണ്. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദിനെ പോലും പ്രലോഭനങ്ങളിൽ കുടുക്കിയിട്ടുണ്ട്. എന്നാൽ അവന്റെ പ്രലോഭനങ്ങളിൽ വീഴാതെ രക്ഷപ്പെട്ടവരും ഇല്ലാതില്ല. ചില സമയങ്ങളിൽ അവൻ അലറുന്ന സിംഹം പോലെ വിശ്വാസികളെ സമീപിച്ചിട്ടുണ്ട്. അപ്പോൾ അതിൽ കുടുങ്ങാതെ വീറോടെ നിന്നവരും അസാമാന്യമായ ധൈര്യം കാണിച്ചവരും അനേകരാണ്.

എന്നാൽ ചില സമയങ്ങളിൽ തന്റെ തന്ത്രങ്ങൾ ആ നിലയിൽ ഫലിക്കാതെ വരുമ്പോൾ താൻ വെളിച്ച ദൂതന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. ആ സമയങ്ങളിൽ ദൈവത്തെ അഭയം പ്രാപിക്കാതെ ദൈവത്തിന്റെ അഭിപ്രായം ആരായാതെ സ്വന്തം ശക്തിയിൽ ആശ്രയിക്കുകയും ബുദ്ധിയിൽ കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്ത രാജാക്കന്മാരും പുരോഹിതന്മാരും പ്രവാചകന്മാരും സാധാരണ വിശ്വാസികളും വീണു പോയിട്ടുണ്ട്. ഈ വീഴ്ചകൾ നമുക്ക് അനുകരിക്കാനുള്ളതല്ല. പിന്നെയോ, ക്രിസ്തീയ ജീവിതത്തിൽ ദൈവം നമുക്കു നൽകിയ പാതയിലൂടെ സഞ്ചരിക്കുമ്പോൾ വന്നു ചേരാവുന്ന അപകടകരമായ സാഹചര്യങ്ങളുടെ മുന്നറിയിപ്പാണ്. പലരും കരുതുന്നത് നമ്മുടെ ശത്രു നമ്മുടെ സഹോദരവർഗ്ഗവും അയൽവാസികളും ആണെന്നാണ്. എന്നാൽ അത് തികച്ചും തെറ്റായ ഒരു ധാരണയാണ്. കുറച്ചുകൂടെ വിശാലതയിൽ ആ ചിന്തയെ നാം ക്രമീകരിച്ചാൽ നമ്മുടെ സാക്ഷാൽ ശത്രു സാത്താനാണ് എന്നു മനസ്സിലാക്കാം. അതിന് കുറെക്കൂടെ ആത്മീയ പക്വത നമുക്ക് ഉണ്ടാകണം.

ആകയാൽ വികലമായ ചിന്തകൾക്ക് വിരാമം കുറിച്ച് സാക്ഷാൽ നമ്മുടെ ശത്രുവായ സാത്താന്റെ തന്ത്രങ്ങൾ തിരിച്ചറിഞ്ഞ് ക്രിസ്തുവിനോട് പറ്റിച്ചേർന്ന് ക്രിസ്തുവിന്റെ സ്വഭാവത്തോട് കൂട്ടാളിയായി തീരുവാൻ ഇടവരട്ടെ. അവന്റെ തന്ത്രങ്ങൾ നാം അറിയാത്തവർ അല്ലല്ലോ- ക്രിസ്തീയ ജീവിതം ഒരു പോരാട്ടം തന്നെയാണ്- എന്നാൽ ഈ ജീവിതം ഒരു സമ്പൂർണ്ണവിജയമായി തീരുവാൻ എഫെസ്യർ 6-ാം അധ്യായത്തിൽ ദൈവം നല്കിയ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് ശക്തനായ എതിരാളിയെ നേരിടുവാൻ യോനാഥാൻ ദൈവത്തോടു പൊരുതിയതുപോലെ നമുക്കും ദൈവത്തോടു കൂടെ നില്ക്കാം. പേടിച്ച് പിന്മാറുവാൻ നമുക്ക് അവകാശമില്ലല്ലോ. യഹോവ അല്പം കൊണ്ടോ അധികം കൊണ്ടോ നമ്മെ വിജയത്തിലേക്കു നടത്തുന്നതാണ്. ശക്തനായ ഒരു എതിരാളിയാണ് സാത്താൻ എന്നു നാം മറന്നുപോകരുത്. സർവ്വശക്തനായ ദൈവം നമ്മുടെ പരിചയും പലകയും ആണ്. ആകയാൽ ധൈര്യമായി ശത്രുവിനോട് എതിർത്തു നില്പാൻ ദൈവം ശക്തി നല്കട്ടെ.

*ടി.വി. സൈമൺ*

---

➤ 1-ാം പേജിൽ നിന്നും തുടർച്ച

## ചിന്താമണ്ഡലത്തെ നിയന്ത്രിക്കുക

പരമാർത്ഥമായ ഒരു ഹൃദയം നമുക്ക് ഉണ്ടായിരിക്കണം.

വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക (എബ്രാ. 10:12) എന്ന് എബ്രായലേഖന കർത്താവ് ഉത്ബോധിപ്പിക്കുന്നു. കർത്താവിന്റെ വരവിൽ നാം ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കേണ്ടവരാണ്. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:10). അവിടെ നമ്മുടെ രഹസ്യജീവിതം അഥവാ പ്രവൃത്തികൾ ന്യായം വിധിക്കപ്പെടും. ദൈവം നമ്മെ വിധിക്കുന്ന വിധികൾ സത്യമായവയാണ്. "ദൈവത്തിന്റെ വിധികൾ സത്യമായവ, അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു" (സങ്കീ. 19:9). സഹോദരനെ വിധിക്കുന്നവൻ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കേണ്ടിവരും (റോമ. 14:10). മനുഷ്യന്റെ വിധികൾ സത്യമായിരിക്കണമെന്നില്ല, കാരണം മനുഷ്യർ പുറമേയുള്ളതു നോക്കുന്നു. യഹോവയോ ഹൃദയങ്ങളെയും ചിന്തകളെയും അറിയുന്നു. എന്റെ വിധി സത്യം എന്ന് യേശുക്രിസ്തു പറയുന്നു (യോഹ. 8:16). കാഴ്ചപ്രകാരം നാം മറ്റുള്ളവരെ വിധിക്കരുത്. പറഞ്ഞുകേൾക്കുന്ന സകലവാക്കിനും നീ ആശ്രയം വയ്ക്കരുത്, ശ്രദ്ധ കൊടുക്കരുത് (സഭാ. 7:21). ലോകത്തിൽ എത്രയധികം സമ്പത്തുണ്ടെങ്കിലും അവയെല്ലാം നശ്വരമാണ്. എന്നാൽ സത്യമായ ധനം വിശ്വാസമാണ് (ലൂക്കോ. 16:11). ക്രിസ്തുവിന്റെ നാമം നിമിത്തം നാം ദരിദ്രരായിത്തീർന്നു, എങ്കിലും ദൈവം നമ്മെ വിശ്വാസത്തിൽ സമ്പന്നരാക്കി (യാക്കോ. 2:5) കർത്താവിന്റെ വരവിൽ തീർച്ചയായും എടുക്കപ്പെടും എന്ന ഉറച്ച വിശ്വാസം നമുക്ക് ആവശ്യമത്രേ; ദൈവത്തിൽ നിന്ന് എന്തെങ്കിലും നേടിയെടുക്കുന്നിന് മാത്രമുള്ള വിശ്വാസമല്ല ഇത്. വിശ്വാസത്തിന്റെ ഐക്യത അഥവാ ഉപദേശത്തിന്റെ ഐക്യതയാണിത്. വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിനു വേണ്ടി നാം പോരാടണം.

ആസന്നഭാവിയിൽ നാം യേശുക്രിസ്തുവിനോടുകൂടെ നിത്യതയെയും ഭരിക്കുന്നവരാണ്. ആയതിനാൽ യേശുക്രിസ്തുവിന്റെ വരവിനായും അവനോടുകൂടെയുള്ള നിത്യജീവിതത്തെയും കുറിച്ച് നാം എപ്പോഴും ചിന്തിച്ചുകൊൾക. ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴം നാം ഗ്രഹിക്കണം (റോമ. 11:33). സഭയെ ക്രിസ്തുയേശുവിൽ തികഞ്ഞവരാക്കേണ്ടതിന് സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കുന്നതിന് അപ്പൊസ്തലന്മാരെ നല്കിയിരിക്കുന്നു. ജ്ഞാനത്തിന്റെ ധനം ക്രിസ്തുവിന്റെ പരിജ്ഞാനമാണ്. ജ്ഞാനത്തിന്റെയും പരിജ്ഞാനത്തെന്റെയും നിക്ഷേപങ്ങൾ ക്രിസ്തുവിൽ ഗുപ്തമായിരിക്കുന്നു (കൊലോ. 2:3). ആ നിക്ഷേപങ്ങൾ ക്രിസ്തുവിൽ നിന്ന് പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും വളർന്ന് ക്രിസ്തുവിനെപ്പോലെ നമുക്ക് ആയിത്തീരാം. സത്യമായത് ഒക്കെയും നമുക്ക് ചിന്തിക്കാം.

**2. ഘനമായത് ഒക്കെയും ചിന്തിക്കുക**

ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ നാം ഘനമായത് കരുതിക്കൊള്ളണം. "വിശ്വസ്തമനുഷ്യൻ അനുഗ്രഹസമ്പൂർണ്ണൻ" (സദൃ. 29:20) വിശ്വസ്തർക്കു മാത്രമെ ഘനമായ കാര്യങ്ങൾ ചിന്തിക്കുവാൻ കഴിയുകയുള്ളു. യഹോവ വിശ്വസ്തതയത്രെ നോക്കുന്നത് (യിര. 5:3) മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നതുപോലെ യേശുവും തന്നെ നിയമിച്ചാക്കിയവനു വിശ്വസ്തൻ ആകുന്നു (എബ്രാ. 3:2). നമ്മെ രക്ഷിച്ച് ആത്മികവും ഭൗതികവും ആയ സകല വിധ അനുഗ്രഹങ്ങളാലും അനുഗ്രഹിച്ചിരിക്കുന്ന ദൈവത്തോട് നമുക്ക് വിശ്വസ്തരായിരിക്കാം. "യഹോവ വിശ്വസ്തന്മാരെ കാക്കുന്നു" (സങ്കീ. 31:23). ന്യായം, കരുണ, വിശ്വസ്തത എന്നിവയാണ് ന്യായപ്രമാണത്തിലെ ഘനമേറിയ കാര്യങ്ങൾ. ഇതെല്ലാം ദൈവത്തിന്റെ സ്വഭാവമാണ്. നാം ദൈവത്തോടും മനുഷ്യനോടും പാലിക്കേണ്ട ഘനമായ കാര്യങ്ങളാണിവ. ഇതിൽ നാം ശ്രദ്ധാലുക്കളായിരിക്കണം. ദൈവം ന്യായം പ്രവർത്തിക്കുന്നവനും കരുണാസമ്പന്നനും വിശ്വസ്തനുമാണ്. ദൈവം നമ്മോടു കാണിച്ച കരുണയാൽ നാം ഇന്ന് ക്രിസ്തുയേശുവിൽ പ്രത്യാശയുള്ളവരായിരിക്കുന്നു; ആകയാൽ നമ്മുടെ സഹോദരങ്ങളോടും നാം കരുണയുള്ളവരും വിശ്വസ്തരുമായിരിക്കണം. യേശു കർത്താവ് കൃപയും സത്യവും നിറഞ്ഞവനാകയാൽ നാം കൃപ കാണിക്കുന്നവരും നമ്മുടെ പ്രവൃത്തി സത്യവും ആയിരിക്കണം. യേശു സുവിശേഷത്തിലൂടെ വെളിപ്പെടുത്തിയ ഇതേ സത്യം തന്നെയാണ് യഹോവയായ ദൈവം മീഖാ പ്രാചകൻ മുഖാന്തരം അരുളിച്ചെയ്തിരിക്കുന്നത്. മനുഷ്യാ നല്ലത് എന്താണ് എന്ന് അവൻ നിനക്ക് കാണിച്ചുതന്നിരിക്കുന്നു, ന്യായം പ്രവർത്തിപ്പാനും ദയ കാണിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത് (മീഖാ 6:8). ദൈവത്തിന്റെ ദയയിലും താഴ്മയിലും ആശ്രയിച്ച് തിരുവചനത്തിലെ ഘനമായതൊക്കെയും നമുക്ക് ചിന്തിക്കാം. ദൈവസന്നിധിയിൽ നിന്നുള്ള വിലപ്പെട്ട വ്യക്തിത്വം ഉള്ളവർ ആയിത്തീരുന്നതിന് നമ്മെ തന്നെ ഏൽപ്പിക്കാൻ കഴിയണം. അതിന് സമർപ്പണം ആവശ്യമാണ്.

**3. നീതിയായത് ഒക്കെയും ചിന്തിക്കുക**

നീതി പ്രവർത്തിക്കുന്നവർ ജ്ഞാനത്തിന്റെ വാക്കുകൾ സംസാരിക്കുന്നു (സദൃ. 10:31). നാം ക്രിസ്തുവിന്റെ രക്തത്താൽ നീതിമാന്മാർ ആക്കപ്പെട്ടിരിക്കയാൽ നമ്മുടെ വായിൽ നിന്ന് പൊട്ടച്ചൊല്ല് കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും പുറപ്പെടരുത്. സ്തോത്രമത്രെ വേണ്ടത്. നീതിമാന്മാരുടെ പാത പൂർണ്ണതയെ കാംക്ഷിക്കുന്നു (സദൃ. 4:18). ദൈവം നൽകിയിരിക്കുന്ന ഉപദേശങ്ങൾക്കും വെളിപ്പാടുകൾക്കും അനുസരിച്ച് ജീവിച്ചാൽ നാം നീതിമാന്മാർ ആയിത്തീരും. യേശുകർത്താവ് ഉപദേശിക്കുകയും അതുപോലെ പ്രവർത്തിക്കയും ചെയ്തു. നാം ഉപദേശിക്കുന്നത് ജീവിതത്തിലും പ്രായോഗികമാക്കിയിരിക്കണം. അപ്പോഴേ നാം നീതിമാന്മാർ ആയിത്തീരുകയുള്ളു. താഴ്മയുള്ളവർ നീതീകരിക്കപ്പെടും. പരീശനും ചുങ്കക്കാരനും പ്രാർത്ഥിക്കാൻ ദൈവാലയത്തിൽ പോയി. ചുങ്കക്കാരൻ തന്നെത്താൻ താഴ്ത്തി. ദൈവസന്നിധിയിൽ കുറ്റം ഏറ്റുപറഞ്ഞുപേക്ഷിച്ച് മാറത്തടിച്ചുകൊണ്ട് ദൈവത്തോടു കരുണയ്ക്കായി അപേക്ഷിച്ചു. ദൈവം അവന്റെ പ്രാർത്ഥന കേട്ടു; അവൻ ദൈവത്താൽ നീതീകരിക്കപ്പെട്ടു. എന്നാൽ പരീശൻ തന്നെത്താൻ ഉയർത്തുകയും സ്വയം നീതീകരിക്കയും ചെയ്തു. 'തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും' (ലൂക്കോ. 18:10-14). വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നു (ഫിലി. 3:9). വിശ്വാസജീവിതം നമ്മെ വിജയകരമായ ക്രിസ്തീയ ജീവിതത്തിലേക്ക് വഴിനടത്തുന്നു. നീതിമാന്മാർ ഭരണാധികാരികൾ ആകും (2 ശാമു. 23:3). നാം നിത്യതയിൽ യേശുവിനോടുകൂടെ വാഴാൻ അവനെപ്പോലെ നീതിമാനായിരിക്കണം (വെളി. 22:11). നീതിയിൽ നിന്ന് നീതിയിലേക്ക് വളരാൻ നീതിയായത് ഒക്കെയും നമുക്ക് ചിന്തിക്കാം.

(തുടരും)

**വരിസംഖ്യ കുടിശ്ശിക അറിയാൻ**

വരിസംഖ്യ കുടിശ്ശിക നിങ്ങളുടെ വിലാസത്തോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. പേരിന് മുകളിൽ കൊടുത്തിരിക്കുന്ന കോഡിലെ അവസാന രണ്ട് അക്കം ശ്രദ്ധിക്കുക. ഉദാ: അത് 12 എന്നാണെങ്കിൽ 2012 വരെ മാത്രമെ നിങ്ങൾ വരിസംഖ്യ അടച്ചിട്ടുള്ളു. തുടർന്നുള്ളത് അടയ്ക്കേണ്ടതാണ്. സഹകരിക്കുക; പ്രാർത്ഥിക്കുക.

ഗോത്രങ്ങൾ തേടി..... 79

# മാൽഫരിയ

**ഡെറി എന്നു പേരുള്ള ഒരു മാൽഫരിയ പെൺകുട്ടി ബി.എസ്സ്.സി. ഡിഗ്രിക്ക് 85% മാർക്കു വാങ്ങി സിദ്ദോ-കാനേമ മുർമു യൂണിവേഴ്സിറ്റിയിൽ ഒന്നാമതെത്തി. ഈ സമുദായത്തിൽ നിന്ന് ഒരു ഡിഗ്രി പാസ്സാകുന്ന ആറാമത്തെ ആളാണ് ഈ പെൺകുട്ടി.**

**ജനസംഖ്യ : 1.15 ലക്ഷം**
**സാക്ഷരത : 12.8%**
**തിരുവചന ലഭ്യത : പുതിയനിയമ പരിഭാഷ പുരോഗതിയിൽ**

**ഗോ**കിലയുടെ വിവാഹം കഴിഞ്ഞതേയുള്ളു. വീടുകളുടെ നിരകൾക്കൊടുവിലായി പുതുതായി പണികഴിപ്പിച്ചിരിക്കുന്ന അവളുടെ വീട് ആർക്കും വേഗത്തിൽ തിരിച്ചറിയാം. ഏതൊരു മാൽഫാ ദമ്പതികളെയും പോലെ അവർക്കും വിവാഹം കഴിഞ്ഞ ഉടനെ തന്നെ വീട് പണികഴിപ്പിക്കണമായിരുന്നു. ഒരു ഒറ്റ മുറി വീട് ആണെങ്കിലും അവിടെ എല്ലാവിധ സാധന സാമഗ്രികളും ഉണ്ടായിരിക്കും. വീടിനു മുൻഭാഗത്തെ തുറസ്സായഭാഗം മണ്ണു മെഴുകി മിനുസപ്പെടുത്തിയിരിക്കുന്നു. വളരെ നന്നായി ചേർത്തുമെടഞ്ഞ ഈറ്റ കൊണ്ടാണ് മേൽക്കൂര നിർമ്മിച്ചിട്ടുള്ളത്. ഇത് ഏത് കാലാവസ്ഥയിലും പിടിച്ചുനിൽക്കും. കുനിഞ്ഞു വേണം നമ്മൾ അകത്തു കയറാൻ. അവിടെ അകത്ത് ഇടതു വശത്തായി ഒരു മൂലയിൽ മൺപാത്രങ്ങൾ അടുക്കി വെച്ചിരിക്കുന്നു. അതാണ് അടുക്കള. ഭക്ഷ്യധാന്യങ്ങൾ നിറച്ച വലിയ കുടങ്ങൾ മേൽക്കൂരയിൽ നിന്ന് തൂക്കിയിട്ടിരിക്കുന്നു. കുടുംബദേവതയുടെ ഒരു ചിത്രം വലതുവശത്തെ മൂലയിൽ കാണാം.



ഇപ്പോൾ സമയം ഉച്ച കഴിഞ്ഞിരിക്കുന്നു. ഗോകില തന്റെ വീടിന്റെ മുൻവശത്ത് ഇരിക്കുകയാണ്. അവൾ മുള കൊണ്ട് ഒരു കുട ഉണ്ടാക്കുകയാണ്. അവൾ ഇതിൽ വിദഗ്ധയാണെന്ന് പണിയുടെ വേഗത കണ്ടാൽ അറിയാം. ഇതിന്റെ പണി ഭർത്താവ് വയലിൽ നിന്നും വൈകുന്നേരം എത്തുന്നതിനു മുൻപ് തീർക്കണമെന്ന് അവൾ വിചാരിക്കുന്നു. ആഴ്ച ചന്തയിൽ കൊണ്ടുപോകാനുള്ള ഈറ്റ ചൂലുകൾ, പല വലിപ്പത്തിലുള്ള കുട്ടകൾ എന്നിവ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്നു. ഭിഹാർ, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ദക്ഷിണ രാജ്മഹൽ കുന്നുകളിൽ പാർക്കുന്നവരാണ് മാൽഫരിയകൾ. ഇവിടുത്തെ ഏറ്റവും പുരാതന നിവാസികൾ ഇവരാണെന്ന് വിശ്വസിക്കപ്പെടുന്നു. മാൽഫരിയ ഗ്രാമത്തിനു ചുറ്റും വനമാണ്. ഇവരുടെ സാമ്പത്തിക സ്ഥിതി ഇതിനെ ആശ്രയിച്ചു നിൽക്കുന്നു. അടുത്ത കാലത്ത് ഭാരത സർക്കാർ ഇവർക്കായി നല്ല കുടിവെള്ളം, ആരോഗ്യ സംരക്ഷണം, തൊഴിൽ ദാനം തുടങ്ങിയ ക്ഷേമ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ തക്കതായ പ്രകാരത്തിൽ ഇനിയും ഈ ജനങ്ങളിൽ എത്തിയിട്ടില്ല.

ഏകദേശം 25 വർഷം മുൻപ് ക്രിസ്തുമതം മാൽഫരിയ പ്രദേശങ്ങളിൽ എത്തി. മാൽഫരിയകളുടെ ഇടയിലെ ക്രിസ്ത്യാനികളായവരോട് അവരുടെ അയൽക്കാർ തീരെ താൽപ്പര്യമില്ലാത്ത വിധത്തിലാണ് പെരുമാറുന്നത്. മാതൃഭാഷയിൽ തിരുവചനം ലഭ്യമായാൽ മാൽഫരിയ ജനത്തിന് ദൈവവചനത്തിൽ വേരൂന്നി സന്തോഷമായി ജീവിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ●

### പ്രാർത്ഥനയ്ക്കായി

- ഇവർക്കുവേണ്ടി സർക്കാർ നടപ്പാക്കുന്ന വിദ്യാഭ്യാസ പരിപാടികളും ക്ഷേമപ്രവർത്തനങ്ങളും കൃത്യമായി നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന്...
- ദുർഘടമായ ഈ പ്രദേശങ്ങളിൽ ഗതാഗത സൗകര്യം ഉണ്ടാകുന്നതിന്...
- ഈ ഒറ്റപ്പെട്ട സമൂഹത്തിലേക്ക് സുവിശേഷത്തിന് ഒരു വാതിൽ തുറന്നു കിട്ടുന്നതിനായി...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

സന്ദേശം

# ചരിത്രത്തിൽ മുഴങ്ങിയ ചോദ്യവും അതിന്റെ ഉത്തരവും

● ക്രിസ്തുവിന്റെ ദൈവത്വം ഒരു ലഘുപഠനം ●

**അനിൽ എസ്. അമ്പലവയൽ**

**'ക്രിസ്തു ദൈവമാണെന്ന് ക്രിസ്ത്യാനികൾ പറയുന്നു. ക്രിസ്തു ദൈവമാണോ എന്ന ചോദ്യത്തിന് അവർ അപ്പൊസ്തലന്മാരുടെ എഴുത്തുകളിൽ നിന്നുള്ള വാക്യങ്ങൾ ഉദ്ധരിക്കുന്നു. ഈ വാക്യങ്ങൾ ക്രിസ്തു പറഞ്ഞതല്ല! ക്രിസ്തുവിനെക്കുറിച്ച് അവർ പറയുന്നതാണ്; അപ്പൊസ്തലിക എഴുത്തുകളാണ് തെളിവായി കാണിക്കുന്നത്. ക്രിസ്തു തന്റെ സ്വന്തവായ് കൊണ്ട് പറഞ്ഞിട്ടുണ്ടെങ്കിൽ അത് കാണിക്കുക; എങ്കിൽ ഞങ്ങൾ അംഗീകരിക്കാം.' ഇങ്ങനെ പറഞ്ഞ് ദൈവനിശ്വസനീയമായ ബൈബിളിലെ സത്യങ്ങൾ അനേകർ തള്ളിക്കളയുന്നു. എന്നാൽ ഇങ്ങനെയുള്ള തന്ത്രങ്ങളും, കൗശലങ്ങളും നിറഞ്ഞ ചോദ്യങ്ങൾക്കും മറുപടികൊടുക്കുവാൻ ദൈവവചനമായ ബൈബിൾ ശക്തമാണ്.**

**അ**ഖിലലോകമാനവ സമൂഹം നിശ്ചയമായും അറിഞ്ഞിരിക്കേണ്ട സത്യമാണ് ക്രിസ്തു. എന്നാൽ ദാർശനിക ചിന്തകളുടെ കനത്ത മൂടൽ മഞ്ഞ് വീണ ലോകത്തിൽ മാലോകർക്ക് ക്രിസ്തുവിന്റെ മഹത്വം മറഞ്ഞിരിക്കുന്നു. ഉജ്ജ്വലരായ വാഗ്മികളുടെ ചിന്തോദ്ദീപങ്ങളായ പ്രഭാഷണങ്ങളിൽ ക്രിസ്തു എന്ന രക്ഷിതാവിനെ അവതരപ്പിച്ചപ്പോൾ ഒരളവോളം ദാർശനിക ചിന്തകളാകുന്ന മറകീറി അനേകർ ദൈവപുത്രന്റെ മഹത്വം ദർശിക്കുവാനാനിടയായി. അങ്ങനെ കോടിക്കണക്കിന് വ്യക്തി ജീവിതങ്ങൾ ക്രിസ്തുവിങ്കലേക്ക് ആനയിക്കപ്പെട്ടു എന്നത് സന്തോഷവും ആവേശവും ഉണർത്തുന്ന കാര്യമാണ്. ചരിത്രം സത്യമാകാം- എന്നാൽ സത്യങ്ങളുടെ സത്യമായ അത്യന്തിക സത്യം ക്രിസ്തു തന്നെയാണ്. അത് അറിയണം. അതിനായ് മനുഷ്യവർഗ്ഗം ദൈവവചനമാകുന്ന ബൈബിൾ ഒട്ട് ശ്രദ്ധിക്കുവാനുള്ള മട്ടുണ്ടാവണം. ലോകചരിത്രത്തെ തന്നെ എ.ഡി. എന്നും ബി.സി എന്നും രണ്ടായി വിഭജിച്ചുകൊണ്ട് ക്രിസ്തു ചരിത്രത്തെ നിയന്ത്രിച്ച് ചരിത്രത്തിന് നെടുനായകത്വം വഹിക്കുന്നു. ഈ ചരിത്രപുരുഷനായ ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ സമകാലീനരായ പലരും കർത്താവിനോട് അനേക ചോദ്യങ്ങൾ ചോദിച്ചു.

### മറുപടി പ്രതീക്ഷിച്ച ചില ചോദ്യങ്ങൾ

യേശുവിനോട് ധാരാളം ചോദ്യങ്ങൾ യെഹൂദന്മാർ ചോദിച്ചിട്ടുണ്ട്. പലരും പലതും അറിയാനുള്ള നല്ല ലക്ഷ്യത്തോടെയാണ് ചോദിച്ചത്. എന്നാൽ ചിലർ കർത്താവിൽ കുറ്റം കണ്ടെത്തി, അവനെ ന്യായാധിപ സഭയുടെ മുമ്പിൽ കൊണ്ടുവരേണ്ടതിനാണ് ചോദ്യങ്ങൾ ഉന്നയിക്കുന്നത്. അവ കുടുക്കു ചോദ്യങ്ങളായിരുന്നു. (ലൂക്കോ. 11:53,54) സ്നാപക യോഹന്നാൻ യേശുവിനോട്: "വരുവാനുള്ളവൻ നീയോ? അല്ല ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ?" എന്ന് തന്റെ ശിഷ്യന്മാരിലൂടെ ചോദിച്ചു (മത്താ. 11:2,3). ഭൂതബാധിതനായ മനുഷ്യൻ യേശുവിനോട് ചോദിച്ചത്: "യേശുവേ മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും, നിനക്കും തമ്മിൽ എന്ത്?" (മർക്കോ. 5:7). യേശു ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരുമായി അവന്റെ അടുക്കൽ വന്ന് അവനോട്: "നീ എന്ത് അധികാരം കൊണ്ട് ഇത് ചെയ്യുന്നു? ഈ അധികാരം നിനക്ക് തന്നത് ആര്?" (ലൂക്കോ. 20:2). ഒരു ന്യായശാസ്ത്രി യേശുവിനോട്: "ഗുരോ ഞാൻ നിത്യജീവന് അവകാശിയായിത്തീരുവാൻ എന്തു ചെയ്യണം?" (ലൂക്കോ. 10:20). ഈ നിലയിൽ ധാരാളം ചോദ്യങ്ങൾ യെഹൂദന്മാർ കർത്താവിനോട് ചോദിച്ചു. ചില ചോദ്യങ്ങളും അതിനുള്ള മറുപടിയുമാണ് നമുക്ക് ശ്രദ്ധിക്കുവാനുള്ളത്.

### 1. മഹാപുരോഹിതനായ കയ്യാഫാവ്- ചോദ്യകർത്താവ്

പട്ടാളവും സഹസ്രാധിപന്മാരും യഹൂദന്മാരുടെ ചേവകരും യേശുവിനെ പിടിച്ചു. രാത്രിയിൽ തന്നെ അവനെ കൊണ്ടുപോയത് മഹാപുരോഹിതനായ ഹന്നാവിന്റെ അടുക്കലാണ്. ഹന്നാവ് ഉടൻ തന്നെ യേശുവിനെ കയ്യാഫാവിന്റെ അടുക്കൽ അയച്ചു. അവനും യേശുവിനെ രാത്രിയിൽ തന്നെ വിചാരണ ചെയ്തു. മൂന്നാമത്തെ വിചാരണ സൻഹെദ്രിം സംഘത്തിന്റെ മുമ്പിലാണ്. അതാണ് യെഹൂദന്മാരുടെ കോടതി. ലൂക്കോസ് പറയുന്നതുപോലെ നേരം വെളുത്തപ്പോൾ യേശുവിനെ ന്യായാധിപസംഘത്തിൽ വരുത്തി. നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? (മത്താ. 26:63). ഏതു മഹാപുരോഹിതനാണ് ഈ ചോദ്യം ഉന്നയിക്കുന്നത്? ഇവിടെ രണ്ട് മഹാപുരോഹിതന്മാരും ഉണ്ടായിരുന്നു (ലൂക്കോ. 22:66). എന്നാൽ ഇവരിൽ ആരാണ് ചോദിക്കുന്നത് എന്ന് വ്യക്തമല്ല. പക്ഷേ കർത്താവ് ഇപ്പോൾ ആയിരിക്കുന്നത് കയ്യാഫാവിന്റെ അരമനയിലാണ് (മത്താ. 26:57). മാത്രമല്ല യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നതുപോലെ കയ്യഫാവായിരുന്നു ആ സംവത്സരത്തിലെ മഹാപുരോഹിതൻ (യോഹ. 18:12–14). അതിനാൽ സൻഹെദ്രിം സംഘം തലവൻ, ജനത്തിന്റെ മൂപ്പൻ, മഹാപുരോഹിതൻ എന്ന നിലയിൽ കയ്യാഫാവ് തന്നെയാണ് എല്ലാവർക്കും വേണ്ടി ഈ ചോദ്യം ചോദിക്കുന്നത്.

### ചോദ്യത്തിന്റെ പശ്ചാത്തലം

യെഹൂദന്മാർ ധാരാളം ചോദ്യങ്ങൾ തങ്ങളുടെ ആവനാഴിയിൽ നിന്ന് കർത്താവിന് നേരെ തൊടുത്തു. കർത്താവിന് മറുപടി പറയാൻ കഴിയാത്ത ഒരു ചോദ്യം പോലും ആർക്കും ഉന്നയിക്കാൻ കഴിയില്ല. കാരണം താൻ എല്ലാം അറിയുന്ന സർവ്വജ്ഞാനിയായ ദൈവമാണ്. അവർ അറിയുവാൻ ആവശ്യമുണ്ടായിരുന്ന എല്ലാ ചോദ്യങ്ങൾക്കും കർത്താവ് വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്. ഇവിടെ ഇതാ മഹാപുരോഹിതന്റെ ചോദ്യം (മത്താ. 26:63,64) "മഹാപുരോഹിതൻ പിന്നെയും അവനോട്: നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്ന് ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ട് ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു." ഒരു വ്യക്തിയെ ശരിക്കും താനാരാണെന്ന് വിവേചിക്കുവാൻ, വിലയിരുത്തുവാൻ വിചാരണ ചെയ്യപ്പെടുകയാണിവിടെ! വിചാരണയ്ക്കൊടുവിൽ മാനവരാശിക്ക് മരണത്തിന്മേൽ ജയം നൽകുന്ന മഹിമയാർന്ന സത്യം ക്രിസ്തുവാണോ എന്ന് സ്ഥിരീകരിക്കപ്പെടാൻ പോവുകയാണ്. അതിന് വേണ്ടിത്തന്നെയാണ് അത്യുന്നത ദൈവത്തിന്റെ കാര്യപരിപാടി ഈ നിലയിൽ മുന്നോട്ട് പോകുന്നത്.

ചരിത്രത്തിലെ തന്നെ പ്രസക്തമായ ഈ ചോദ്യം ചോദിക്കുന്ന വ്യക്തി ഒരു സാധാരണ പൗരനല്ലെന്നും അത് മഹാപുരോഹിതനായ കയ്യാഫാവാണെന്നും കണ്ടു. ഇവിടെ കർത്താവ് ആയിരിക്കുന്നത് കയ്യാഫാവിന്റെ അരമനയിലാണ് (മത്താ. 26:57). കർത്താവ് പിടിക്കപ്പെട്ട് രാത്രിയിൽ തന്നെ രണ്ടിടത്ത് വിചാരണ ചെയ്യപ്പെട്ടു. മൂന്നാമത്തെ വിചാരണ അതും യഹൂദന്മാരുടെ നടുവിലാണ്. "നേരം വെളുത്തപ്പോൾ ജനത്തിന്റെ മൂപ്പനായ മഹാപുരോഹിതന്മാരും, ശാസ്ത്രിമാരും വന്നുകൂടി അവനെ ന്യായാധിപസംഘത്തിൽ വരുത്തി"

➤ശേഷം 4-ാം പേജിൽ

കൊയ്ത്ത്

# നാം സുവിശേഷത്തിന് കടക്കാർ

മോനിച്ചൻ തോട്ടപ്പള്ളി

**ദൈ**വത്തിന് പ്രിയരും വിളിക്കപ്പെട്ട റോമിലുള്ള എല്ലാ വിശുദ്ധന്മാർക്കും (1:3) വേണ്ടി അപ്പൊസ്തലനായ പൗലോസ് ഒരു കത്തെഴുതുകയാണ്. പൗലോസിന്റെ ലേഖനങ്ങൾ എന്ന് പറയുന്നതിനെക്കാൾ പൗലോസിന്റെ കത്തുകൾ എന്ന് വിളിക്കുന്നതാണ് ഏറ്റവും ഉചിതം. കാരണം, ഒരു വ്യക്തി തന്റെ കത്തുകളിലൂടെയാണ് ഹൃദയം തുറക്കുന്നത്. ഇവിടെ പൗലോസ് താൻ സ്നേഹിക്കുന്ന ദൈവമക്കൾക്കായി തന്റെ ഹൃദയവും മനസ്സും തുറന്ന് കാട്ടുകയാണ്. റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരിയായ റോം, "ലോകത്തിന്റെ റാണി" എന്നും "ശാശ്വത നഗരം" എന്നും അറിയപ്പെട്ടു. അക്കാലത്ത് റോമാ നഗരത്തിലെ ജനസംഖ്യ ഏകദേശം 10-12 ലക്ഷമായിരുന്നു. റോമിലെ വിശ്വാസികളിൽ യഹൂദന്മാർ ഉണ്ടായിരുന്നെങ്കിലും, കൂടുതൽ പേരും പുറജാതികളിൽ നിന്നുള്ളവർ (1:13-15, 11:13) ആയിരുന്നു. ഈ ലേഖനം എഴുതുമ്പോൾ പൗലോസ് റോമിലുള്ള ദൈവമക്കളെ താൻ സ്നേഹിച്ചതിനാൽ അവർക്കു വേണ്ടി ഒരു കത്തെഴുതുകയാണ്. അപ്പൊസ്തലൻ എന്ന നിലയിൽ ദൈവമക്കളോടും സഭയോടും തനിക്കുള്ള ഉത്തരവാദിത്തത്തെ ഇത് കാണിക്കുന്നു. തന്റെ മൂന്നാം മിഷനറി യാത്രയിൽ അഖായയിലും കൊരിന്തിലുമുള്ള വിശ്വാസികളുടെ ധർമ്മശേഖരവുമായി യെരുശലേമിലേക്ക് പോകാൻ ഒരുങ്ങിയിരിക്കുമ്പോൾ കൊരിന്തിൽ വച്ച് (15:25-27) ഈ ലേഖനം എഴുതി, കെംക്രയ സഭയിലെ ശുശ്രൂഷക്കാരിയായ ഫേബയുടെ (16:1) കൈവശം കൊടുത്തയയ്ക്കുകയാണ് ചെയ്തത്. കൊരിന്ത്കാരനായ ഗായോസ് (1 കൊരി. 1:14,15) തന്നെ അതിഥിസൽക്കാരം ചെയ്തുകൊണ്ടിരിക്കുന്നു (16:23) എന്നു പറയുന്നതിൽ നിന്നും ഇത് വ്യക്തമാണ്. പൗലോസ് പറഞ്ഞു കൊടുക്കുകയും തെർത്തോസ് രേഖയാക്കുകയും ചെയ്തു. (16:22). എ.ഡി. 58-ൽ ഈ ലേഖനം എഴുതി.

കാലക്രമം അനുസരിച്ച് പൗലോസ് ആറാമതെഴുതിയ ലേഖനമാണ് റോമാ ലേഖനം എന്നു വരികിലും, പുതിയ നിയമത്തിലെ ലേഖന സമാഹാരങ്ങളിൽ ആദ്യം ചേർത്തിരിക്കുന്നത് ഈ ലേഖനം ആണ്. പഴയനിയമത്തിൽ നിന്നും ഏകദേശം 74 ഉദ്ധരണികൾ ഈ ലേഖനത്തിൽ ചേർത്തിരിക്കുന്നു. "വിശ്വാസത്താലുള്ള നീതീകരണം" (5:1) എന്നതാണ് പ്രധാനവിഷയമെങ്കിലും "ദൈവനീതി" (1:17) "സമ്പൂർണ്ണ സുവിശേഷം" (10:9) എന്നീ വിഷയങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 'നീതി' എന്ന പദം 66 പ്രാവശ്യവും 'വിശ്വാസം' എന്ന പദം 62 പ്രാവശ്യവും ഈ ലേഖനത്തിൽ കാണുവാൻ സാധിക്കും. രക്ഷാതത്വശാസ്ത്രവും ഈ ലേഖനത്തിൽ കാണുവാൻ സാധിക്കും. രക്ഷാതത്വ ശാസ്ത്രമാണ് ഈ ലേഖനത്തിൽ പൊതുവായി ഉൾക്കൊണ്ടിരിക്കുന്നത്.

**കാലക്രമം അനുസരിച്ച് പൗലോസ് ആറാമതെഴുതിയ ലേഖനമാണ് റോമാ ലേഖനം എന്നു വരികിലും, പുതിയ നിയമത്തിലെ ലേഖന സമാഹാരങ്ങളിൽ ആദ്യം ചേർത്തിരിക്കുന്നത് ഈ ലേഖനം ആണ്. പഴയനിയമത്തിൽ നിന്നും ഏകദേശം 74 ഉദ്ധരണികൾ ഈ ലേഖനത്തിൽ ചേർത്തിരിക്കുന്നു. "വിശ്വാസത്താലുള്ള നീതീകരണം" (5:1) എന്നതാണ് പ്രധാനവിഷയമെങ്കിലും "ദൈവനീതി" (1:17) "സമ്പൂർണ്ണ സുവിശേഷം" (10:9) എന്നീ വിഷയങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 'നീതി' എന്ന പദം 66 പ്രാവശ്യവും 'വിശ്വാസം' എന്ന പദം 62 പ്രാവശ്യവും ഈ ലേഖനത്തിൽ കാണുവാൻ സാധിക്കും.**

നമ്മുടെ ചിന്താവിഷയം ഒന്നാമധ്യായം പതിനാലാം വാക്യമാണ്. യവനന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും സുവിശേഷം നിമിത്തം പൗലോസ് കടക്കാരനായിരിക്കുന്നു. ഗ്രീക്ക് ഭാഷ അറിയുന്നവരാണ് യവനന്മാർ. തങ്ങൾ മറ്റുള്ളവരെക്കാൾ പരിഷ്കൃതരാണ് എന്ന് അവർ വിശ്വസിക്കുന്നു. ഗ്രീക്കുഭാഷ അറിയാത്തവരേയും (1 കൊരി. 14:11) അപരിഷ്കൃതരേയും 'ബർബരന്മാർ' എന്ന് യവനന്മാർ വിളിച്ചു പോന്നു. യവനന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും സുവിശേഷം നിമിത്തം താൻ കടക്കാരനാണ് എന്നു പൗലോസ് പറയുമ്പോൾ മനുഷ്യരെ തമ്മിൽ വേർതിരിക്കുന്നതും സമൂഹത്തിൽ നിലനിൽക്കുന്നതും ദേശീയവും സാമൂഹികവുമായ യാതൊരു വിധ അതിർവരമ്പുകളും, സുവിശേഷഘോഷണം എന്ന ഉത്തരവാദിത്തത്തിൽ നിന്നും അപ്പൊസ്തലനെ പിന്തിരപ്പിക്കുവാൻ പര്യാപ്തയാരിക്കുന്നില്ല എന്ന് വ്യക്തമായി നാം മനസ്സിലാക്കണം. അർത്ഥാൽ മുഴുമാനവജാതിക്കും സുവിശേഷം സംബന്ധിച്ച് പൗലോസ് കടക്കാരനാണ്. "കടക്കാരൻ" എന്ന പദം ലോകം മുഴുവനും സുവിശേഷം അറിയിക്കാനുള്ള തന്റെ ആത്മഭാരത്തെ കാണിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഓരോ വ്യക്തിയും പൗലോസിനെ പോലെ സുവിശേഷത്തിന് കടക്കാരനായിരിക്കുന്നു. എന്തുകൊണ്ടാണ് പൗലോസും നാമും സുവിശേഷത്തിന് കടക്കാരായിത്തീർന്നത്?

**1. സുവിശേഷത്തിനായ് വിളിക്കപ്പെട്ടിരിക്കുന്നു (റോമ. 1:2).**

എന്തിനാണ് തന്നെ വിളിച്ചിരിക്കുന്നതെന്ന് അപ്പൊസ്തലൻ പറയുകയാണ്. 'വിളിക്കപ്പെട്ട' എന്ന പദം മൂന്നു പ്രാവശ്യം (17:2,3,7) ഈ ഭാഗത്ത് കാണാം. ദമസ്ക്കോസിന്റെ പടി വാതിൽക്കൽ വച്ച് (പ്രവൃ. 9:3) അന്നുവരെയും താൻ ഉപദ്രവിച്ചു പോന്ന നസറായനായ യേശു (പ്രവൃ. 22:8) പൗലോസിനെ വിളിച്ചു. ആ വിളിയുടെ കാര്യമാണ് അപ്പൊസ്തലൻ ഇവിടെ പറയുന്നത്. വിളിക്കുക മാത്രമല്ല, വേർതിരിക്കുകയും (1:2) ചെയ്തു. ഇങ്ങനെ "വിളിച്ച് വേർതിരിച്ചത്" സുവിശേഷത്തിന്റെ സന്ദേശകൻ ആയിരിക്കുവാനാണ്, എന്നാണ് പൗലോസ് ഇവിടെ പറയുന്നത്. 'വേർതിരിച്ച് വിളിക്കപ്പെട്ട' എന്ന പദം തന്റെ തിരഞ്ഞെടുപ്പിനെ കാണിക്കുന്നു. ഈ തിരഞ്ഞെടുപ്പ് ലോകസ്ഥാപനത്തിന് മുമ്പെ (എഫെ. 1:4) ക്രിസ്തുവിൽ ദൈവം തിരഞ്ഞെടുത്തതാണ്. സുവിശേഷമാകുന്ന യേശുക്രിസ്തുവിന്റെ സത്ഗുണങ്ങളെ ഘോഷിപ്പാനാണ് അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് (1 പത്രോ. 2:9) നമ്മെയും വിളിച്ച് വേർതിരിച്ചിരിക്കുന്നത്. ഭൂലോകത്തിൽ സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണമെന്നുള്ളത്, (മർക്കോ. 16:15) മരണത്തെ തോൽപ്പിച്ച് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ കൽപ്പനയുമാണ്. അവന്റെ വിളിയാലുള്ള ആശ (എഫെ. 1:18) എന്താണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. തനിക്ക് ലഭിച്ച ഈ സുവിശേഷം, തന്നെ നീതീകരിച്ച ഈ സുവിശേഷം ലോകത്തെ അറിയിക്കാതിരുന്നാൽ ആ അവസ്ഥ 'അയ്യോ കഷ്ടം' (1 കൊരി. 9:16) ആണെന്ന് അപ്പൊസ്തലൻ തിരിച്ചറിഞ്ഞു., മാത്രമല്ല, മരണം കൊണ്ട് ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുന്നതിന് മുൻപായി, ഈ സത്ദൂത് എത്രയും ഉത്ഘോഷിക്കുവാൻ ക്രിസ്തുവിന്റെ സ്നേഹം അപ്പൊസ്തലനെ നിർബന്ധിക്കുകയും (2 കൊരി. 5:14) ചെയ്യുമ്പോൾ സുവിശേഷത്തിന് പൗലോസ് കടക്കാരനായിത്തീരുന്നു.

**2. സുവിശേഷം ദൈവത്തിന്റേതാണ് (റോമ. 1:2)**

"ദൈവത്തിന്റെ സുവിശേഷത്തിനായ്" വേർതിരിച്ച് വിളിക്കപ്പെട്ട (ഇംഗ്ലീഷ് തർജ്ജമനോക്കുക) അപ്പൊസ്തലൻ എന്നാണ് നാം വായിക്കുന്നത്. ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവാണ് (2 തിമൊ. 2:8) സുവിശേഷം. എന്നാൽ പൗലോസ് ഇവിടെ പറയുന്നത്, ആ സുവിശേഷം ദൈവത്തന്റേതാണ് എന്നാണ്. ദൈവത്തിൽ നിന്നും അകന്നു പോയ മാനവ വർഗത്തെ വീണ്ടും ദൈവത്തോട് അടുപ്പിക്കുവാൻ "കരുണാ സമ്പനായ ദൈവം" (എഫെ. 2:4) നിത്യതയിൽ ഒരുക്കിയ രക്ഷാപദ്ധതിയാണ് ഈ സുവിശേഷം. തന്റെ ഏകജാതനായ പുത്രനെ തരുവാൻ തക്കവണ്ണം 'ദൈവം ലോകത്തെ സ്നേഹിച്ചു' (യോഹ. 3:16) എന്നാണല്ലോ തിരുവചനവും പറയുന്നത്. നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന "നിന്റെ രക്ഷയെ" എന്റെ കണ്ണ് കണ്ടുവല്ലോ? (ലൂക്കോ. 2:31) എന്നാണ് ശിമ്യോൻ പറയുന്നത്. ദൈവം മനുഷ്യർക്കായി ഒരുക്കിയ രക്ഷാ പദ്ധതി ആയതിനാൽ ഈ സുവിശേഷം ദൈവത്തിന്റേതാണ്. താൻ പ്രസംഗിക്കുന്ന സുവിശേഷം മാനുഷമല്ല (ഗലാ. 1:11) എന്ന് അപ്പൊസ്തലന് നല്ല നിശ്ചയം ഉണ്ടായിരുന്നു. ഇവിടെ അതി പ്രധാനമായ ഒരു സത്യം മനസ്സിലാക്കേണ്ടതുണ്ട്. സുവിശേഷം ദൈവത്തിന്റേതായിരിക്കുമ്പോൾ തന്നെ പുത്രന്റെ സുവിശേഷം (1:10) കൂടിയാണ്. കാരണം യേശുക്രിസ്തു ദൈവരൂപത്തിൽ ഇരുന്നവനും ദൈവത്തോട് സമത്വമുള്ളവനും (ഫിലി. 2:6) ആയിരുന്നു. അവൻ നിത്യപിതാവാണ് (യെശ. 9:6). അവൻ ഇമ്മാനുവേൽ - ദൈവം നമ്മോടുകൂടെ (മത്താ. 1:22) ആണ്. സാക്ഷാൽ അവൻ ദൈവം തന്നെയാണ്. സുവിശേഷം ദൈവത്തിന്റേതായതിനാൽ, അതിന്റെ ഉറവിടവും സത്തയും ദൈവം തന്നെയായിരുന്നു. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായ (എഫെ. 2:1) മാനവ വർഗ്ഗത്തിന്റെ നിത്യരക്ഷയ്ക്കായി, സ്വർഗ്ഗത്തിലെ ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാപദ്ധതി സുവിശേഷം ആയിരിക്കുന്നതിനാൽ, സുവിശേഷം മുഖാന്തരം ദൈവത്തോട് നിരപ്പ് പ്രാപിച്ചവരായ നാം, ഈ ലോകത്തോട് ഈ സദ്വർത്തമാനം അറിയിക്കുവാൻ കടപ്പെട്ടവരാണ്.

**3. സുവിശേഷം മനുഷ്യനെ ന്യായം വിധിക്കുന്നു (റോമ. 2:16)**

സുവിശേഷമായിരിക്കും ദൈവം മനുഷ്യനെ ന്യായം വിധിക്കുന്നതിന്റെ അടിസ്ഥാനം എന്ന് പൗലോസ് ഇവിടെ തെളിയിക്കുകയാണ്. ഒരു ന്യായവിധി ദിവസം മനുഷ്യർക്കായി ദൈവം ഒരുക്കിയിട്ടുണ്ട്. അഭക്തരായ മനുഷ്യരുടെ നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നും വെളിപ്പെടുവാൻ (2 :18) സമയമടുത്തിരിക്കുന്നു. ദൈവം നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ ദൈവം ഒരു ദിവസത്തെ (പ്രവൃ. 17:31)നിശ്ചയിച്ചിട്ടുണ്ട്. "ദൈവം നിയമിച്ച പുരുഷൻ" ആയിരിക്കും ന്യായവിധിയുടെ മാനദണ്ഡം എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാതവണ്ണം അപ്പൊസ്തലൻ ഉറപ്പിച്ചു പറയുകയാണ്. മനുഷ്യർക്കായ് ദൈവം കാണിച്ചു കൊടുത്ത പുരുഷൻ ആണ് യേശുക്രിസ്തു. ആ യേശുക്രിസ്തുവാണ് സുവിശേഷം. ന്യായവിധി എന്നു പറയുന്നത്, ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തു ലോകത്തിൽ വന്നിട്ടും, അവനെ സ്നേഹിക്കാതെ ഇരുളിനെ സ്നേഹിച്ചു (യോഹ. 3:19) എന്നതാണല്ലോ? അതുകൊണ്ട് തന്നെ ന്യാവിധിയുടെ അടിസ്ഥാനം എന്നു പറയുന്നതു സുവിശേഷമണ്. അതിനാൽ ലോകത്തോട് സുവിശേഷം അറിയിപ്പാൻ നാം കടപ്പെട്ടവരാണ്.

**"കടക്കാരൻ" എന്ന പദം ലോകം മുഴുവനും സുവിശേഷം അറിയിക്കാനുള്ള തന്റെ ആത്മഭാരത്തെ കാണിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഓരോ വ്യക്തിയും പൗലോസിനെ പോലെ സുവിശേഷത്തിന് കടക്കാരനായിരിക്കുന്നു.**

പ്രിയരേ നമ്മുടെ സമശിഷ്ടങ്ങളായിരിക്കുന്ന ആയിരങ്ങൾ ഈ സുവിശേഷം അറിയാതെ, ജീവപുസ്തകത്തിൽ പേരെഴുതപ്പെടാത്തവരായി നിത്യ ശിക്ഷാവിധിയിലേയ്ക്ക് ഓടുകയാണ്. ക്രിസ്തീയ ജീവിതം വലിയ ബാധ്യതയുടെ ജീവിതമാണ്. പൗലോസിനോട് ചേർന്ന്, ഞാൻ സുവിശേഷം അറിയിക്കുന്നില്ലാ എങ്കിൽ എനിക്ക് അയ്യോ കഷ്ടം എന്നു പറഞ്ഞുകൊണ്ട്, ദൈവം നമുക്ക് നൽകിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി ഉപയോഗിക്കും എന്നുള്ള ഉറച്ച തീരുമാനത്തോടെ സുവിശേഷത്തിന് പങ്കാളികളായിത്തീരാം. ●

## ചരിത്രത്തിൽ ....

➤ 3-ാം പേജിൽ നിന്നും തുടർച്ച

(ലൂക്കോ. 22:66). അപ്പോൾ അവിടെ യെഹൂദമതത്തിലെ ആത്മീയ നേതാക്കളായ മഹാപുരോഹിതന്മാർ സൻഹെദ്രിം സംഘാംഗങ്ങൾ ജനത്തിന്റെ മൂപ്പന്മാർ, വലിയൊരു പുരുഷാരം ഇവരെല്ലാം (മത്താ. 26:47) ഉണ്ടായിരിക്കണം. അങ്ങനെ വേദിയിലും സദസ്സിലുമായി അനേകർ തിങ്ങിക്കൂടി നിൽക്കുന്നവരുടെ നടുവിലാണ് കർത്താവ് വിചാരണ ചെയ്യപ്പെടുന്നത്. ഈ വിചാരണയിൽ കർത്താവ് യഥാർത്ഥത്തിൽ ആരാണ് എന്ന് വെളിപ്പെടണം.

*(തുടരും)*

നുറുങ്ങു ചിന്ത

# കൂടുമ്പോൾ ഇമ്പമുള്ളത് കുടുംബം

**പി.വി. സന്തോഷ്, വയനാട്**

ദൈവം സ്ഥാപിച്ച സ്ഥാപനങ്ങളിൽ ഒരു പ്രധാന സ്ഥാപനമാണു കുടുംബം. എന്നാൽ ഇന്ന് ഏറ്റവും കൂടുതൽ തകർച്ച നേരിടുന്ന സ്ഥാപനവും കുടുംബം തന്നെ.

**1. സംഘർഷങ്ങൾക്കു കാരണം**

- അന്യോന്യം മനസ്സിലാക്കാത്തതു കൊണ്ട്
- ശരിയായ ആശയ വിനിമയം ഇല്ലാത്തതുകൊണ്ട്
- തെറ്റായ മുൻഗണനകൾ, വലിയവൻ എന്നതോന്നൽ
- തെറ്റായ പ്രതികരണങ്ങൾ
- ഞാനാണ് കുടുംബത്തിന്റെ നാഥൻ ഞാൻ പറയുന്നതാണ് ശരി

**2. എങ്ങനെ പരിഹരിക്കാം**

- യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുക
- മുൻകൈയെടുത്ത് പ്രശ്നം എന്താണെന്നു വിലയിരുത്തുക
- ക്ഷമ ചോദിക്കുക. അവളുടെ മുമ്പിൽ തോറ്റുപോയി എന്ന ചിന്തവേണ്ട
- ദൈവത്തിന്റെ സഹായം പ്രാർത്ഥനയിലൂടെ നേടുക
- ക്ഷമിക്കുകയും മറക്കുകയും ചെയ്യുക
- പരസ്പരം മനസ്സിലാക്കുക, പൂർണ്ണ വിശ്വാസത്തിനു ഉടമയാകുക

**ദൈവവചനം പറയുന്നു:**

"ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ" (1 പത്രോ. 3:1).

"ഭർത്താക്കന്മാരേ... സ്ത്രീജനം ബലഹീന പാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ" (1 പത്രോ. 3:7).

"ഭാര്യയെ കിട്ടുന്നവനു നന്മ കിട്ടുന്നു" (സദൃ. 18:22) എന്ന വചനം ഭർത്താക്കന്മാർ ഓർക്കുകയും ഞാൻ എന്റെ ഭർത്താവിനു ഒരു നന്മയായിരിക്കും എന്നു ഭാര്യമാരും ചിന്തിച്ചാൽ കുടുംബ ജീവിതം ധന്യമായിത്തീരും. ഇമ്പമുള്ളൊരു കുടുംബജീവിതം നയിക്കുവാൻ ദൈവം സഹായിക്കട്ടെ!

## പ്രാർത്ഥനയ്ക്ക്

**തൃശ്ശൂർ:** തൃശ്ശൂർ ഗോസ്പൽ ടീമിന്റെ ഈ മാസത്തെ പ്രവർത്തനം 2014 മെയ് 26 മുതൽ ജൂൺ ഒന്ന് വരെ പത്തനംതിട്ട ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നടക്കുന്നതാണ്. ഭവന സന്ദർശനം, പരസ്യയോഗങ്ങൾ, രാത്രിയോഗങ്ങൾ എന്നിവയാണ് ക്രമീകരിച്ചിരിക്കുന്നത്. ദൈവജനത്തിന്റെ ശ്രദ്ധയോടെയുള്ള പ്രാർത്ഥന ചോദിക്കുന്നു.

ടിമ്മി ആഡംസ്,
എ.ജെ. വാവച്ചൻ

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**ചിറ്റൂർ (ആന്ധ്രാപ്രദേശ്):** 2014 ഫെബ്രുവരി മാസത്തിൽ തൃശ്ശൂർ ഗോസ്പൽ ടീം പാക്കാലയിൽ (ആന്ധ്രപ്രദേശ്) കടന്നു വരികയും അനുഗ്രഹിക്കപ്പെട്ട നിലയിൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഈ പ്രവർത്തനഫലമായി ചിലർ രക്ഷിക്കപ്പെടുവാൻ ഇടയായി. അതിൽ രണ്ടു പേരുടെ സ്നാനം 5-4-2014 ൽ നടന്നു. സുവിശേഷകൻ ടിമ്മി ആഡംസ് (തൃശ്ശൂർ) സ്നാന ശുശ്രൂഷ നിർവ്വഹിച്ചു. രണ്ടു ദിവസത്തെ ബൈബിൾ ക്ലാസ്സും ഗ്രാമ സുവിശേഷീകരണവും നടത്തുവാൻ ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങളേയും പാക്കാല സഭയേയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

സോണി തോമസ്


# മഹത്വത്തിൽ



**ഡിണ്ടിഗൽ (തമിഴ്നാട്):** പരേതനായ സുവിശേഷകൻ സി.വി. സാമുവേലിന്റെ പത്നി **അന്നമ്മ സാമുവേൽ (95)** മെയ് 15-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം മെയ് 17-ന് സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അടൂർ:** പുളിവിള കിഴക്കതിൽ സുവിശേഷകൻ **പി.ജി. മത്തായി (85)** മെയ് 14-ന് താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മെയ് 19-ന് പറുത്തിപ്പാറ ഹെബ്രോൻ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കൊട്ടാരക്കര:** തൃക്കണ്ണമംഗൽ കല്ലൂർ ഹെബ്രോനിൽ ബ്രദർ **ഏബ്രഹാം കല്ലൂർ (ഐവാച്ചൻ- 62)** മെയ് 13-ന് താൻ പ്രിയം വച്ചിരുന്ന മഹത്വതീരത്തേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം 17-ന് സംസ്കരിച്ചു. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.



**തണ്ണിത്തോട്:** പുച്ചക്കുളം പുത്തൻ വീട്ടിൽ വർഗീസിന്റെ ഭാര്യ **പൊടിയമ്മ (76)** കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സുവിശേഷകൻ വിൽസൺ വർഗീസിന്റെ മാതാവാണ്. ഭൗതികശരീരം മെയ് 13-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തൃശ്ശൂർ:** നെല്ലിക്കുന്ന് കുരുതുകുളങ്ങര കെ.പി. സാമുവേലിന്റെ ഭാര്യ **അമ്മിണി സാമുവേൽ (84)** മെയ് 6-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. നെല്ലിക്കുന്ന് സീയോൻ സഭാംഗമായിരുന്നു. ഭൗതികശരീരം മെയ് 7-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്നവരെ പ്രാർത്ഥനയിൽ ഓർക്കുക.



**കോട്ടയം:** കങ്ങഴ പരേതനായ സി.വി. തോമസിന്റെ ഭാര്യ **സൂസമ്മ തോമസ് (61)** മെയ് 6-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മെയ് 8-ന് ഭൗതികശരീരം സസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തൃശ്ശൂർ:** നെല്ലിക്കുന്ന് ചീരൻ വീട്ടിൽ പീറ്റർ സി. ചാക്കോയുടെ ഭാര്യ **ലില്ലി പീറ്റർ (64)** മെയ് 5-ന് പ്രത്യാശാതീരത്തേക്ക് മാറ്റപ്പെട്ടു. നെല്ലിക്കുന്ന് സീയോൻ അസംബ്ലി അംഗമായിരുന്നു. ഭൗതികശരീരം മെയ് 8-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.


# തിരുവല്ല മെഡിക്കൽ മിഷൻ

## നഴ്സിങ്ങ് കോഴ്സ് പ്രവേശനം - 2014

### 1. ജനറൽ നഴ്സിങ്ങ്- (മൂന്നര വർഷത്തെ പഠനം)

17 വയസ്സിനും 35 വയസ്സിനുമിടയിൽ പ്രായമുള്ളവരും കുറഞ്ഞത് 40% മാർക്കോടുകൂടി (പ്ലസ് ടു) യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പഠനത്തിൽ സമർത്ഥരും യഥാസമയം ഫീസ് നൽകുവാൻ ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് "ഇപ്പോൾ പഠനം പിന്നീട് ഫീസ്" എന്ന പ്രത്യേക പഠന പദ്ധതി പ്രകാരം ഫീസ് (യൂണിഫോം, ടെസ്റ്റ് ബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ, ഭക്ഷണചിലവ് എന്നിവ ഒഴികെ) പഠനത്തിനു ശേഷം ഇവിടെ തന്നെ ജോലി ചെയ്ത് കിട്ടുന്ന ശമ്പളത്തിൽ നിന്നും ഗഡുക്കളായി അടച്ചു തീർക്കാവുന്നതാണ്. പ്രവേശനം യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും.

### 2. ബി.എസ്. സി. നഴ്സിങ്ങ് (4 വർഷ പഠനം)

മാനേജ്മെന്റ് ക്വോട്ടായിൽ അപേക്ഷിക്കാനുദ്ദേശിക്കുന്നവർ കവിയൂർ റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഗവൺമെന്റ് ക്വോട്ടായിൽ അപേക്ഷിക്കാനുദ്ദേശിക്കുന്നവർ റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങ് എന്ന ഓപ്ഷൻ കാണിച്ചു കൊണ്ടു എൽ.ബി.എസ്. സെന്ററുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രവേശന പരീക്ഷ സംബന്ധിച്ചുള്ള വിജ്ഞാപനം പ്രധാന ദിനപത്രങ്ങളിൽ ഏപ്രിൽ/മെയ് മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ തിരുവനന്തപുരം എൽ.ബി.എസ്. സെന്ററിൽ നിന്നും (ഫോൺ: 0472- 23324396, 2344148, www.lbskerala.com) അറിയാവുന്നതാണ്.

### 3. എം.എസ്.സി. നഴ്സിങ്ങ് (2 വർഷ പഠനം)

ബി.എസ്.സി. നഴ്സിങ്ങ് ബിരുദവും ഒരു വർഷത്തെ പ്രവൃത്തിപരിചയവുമുള്ളവരും റ്റി.എം.എം. നഴ്സിങ്ങ് കോളേജിൽ പ്രവേശനം ആഗ്രഹിക്കുന്നവരുമായവർ കേരളസർക്കാർ (DNE) നടത്തുന്ന പ്രവേശന പരീക്ഷ മുഖേന പ്രവേശനം നേടേണ്ടതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം പ്രധാന ദിനപത്രങ്ങളിൽ മെയ്- ജൂൺ മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് :

**ജനറൽ നഴ്സിങ്ങ്**

റ്റി.എം.എം. സ്കൂൾ ഓഫ് നഴ്സിങ്ങ്
പി.ബി. നമ്പർ 74, തിരുവല്ല, പത്തനംതിട്ട ജില്ല, കേരളം പിൻ - 689 101
ഫോൺ : 0469 2626433, Email: principal.son@tmmhospital.org

**ബി.എസ്.സി. / എം.എസ്.സി നഴ്സിങ്ങ്**

റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങ്
ആഞ്ഞിലിത്താനം പി.ഒ., കവിയൂർ, പത്തനംതിട്ട ജില്ല, കേരളം
ഫോൺ: 0469 2618653/ 2618646, മൊബൈൽ: 919447191893
Email: administrator@tmmnursingcollege.in | Website: www.tmmnursingcollege.in


## സ്നാന ശുശ്രൂഷ

**മേലുകാവുമറ്റം:** ദൈവകൃപയാൽ വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നും മുമ്പോട്ടുവന്നവർ ഉൾപ്പെടെ നാലു പേരുടെ സ്നാനശുശ്രൂഷ ഏപ്രിൽ 27-ാം തീയതി ഞായറാഴ്ച രാവിലെ സഭയുടെ ചുമതലയിൽ നടത്തപ്പെട്ടു. സുവി. ടി.വി. മാത്യു സ്നാനശുശ്രൂഷ നിർവ്വഹിച്ചു. സുവിശേഷകന്മാരായ ശാമുവേൽ റ്റി. ഫിലിപ്പ് (പാണ്ടനാട്), കെ.എം. ബേബി (മുണ്ടക്കയം) എന്നിവർ ശുശ്രൂഷകളിൽ സഹകരിച്ചു. കൂടാതെ വിവിധ സ്ഥലം സഭകളിൽ നിന്നായി നല്ലൊരു കൂട്ടം വിശ്വാസികളും പങ്കെടുത്തു. തുടർന്നും മേലുകാവുമറ്റം സഭയേയും സുവിശേഷ പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിച്ചാലും.

കെ.ജി. രാമൻകുട്ടി, ടി.വി. മാത്യു

# ബൈബിൾ ക്വിസ് -53

## 2 ശമുവേൽ

1. ദാവീദ് ഹെബ്രോനിൽ യെഹൂദാ ഗൃഹത്തിനു രാജാവായിരുന്നതെത്ര നാൾ?
2. സ്വകാര്യം പറയുവാൻ വിളിച്ചിട്ടു രക്തപ്രതികാരം ചെയ്തവൻ ആര്?
3. യിസ്രായേലിന്റെ രണ്ടു ഗൃഹങ്ങൾ തമ്മിൽ ദീർഘകാലം യുദ്ധം നടന്നു. ഏതു ഗൃഹങ്ങൾ?
4. ദാവീദിനു ദൂതന്മാരെയും ദേവദാരുക്കളെയും കല്പണിക്കാരെയും അയച്ച സോർ രാജാവാര്?
5. അബീനാദാബിന്റെ വീട്ടിൽ നിന്നും ദൈവത്തിന്റെ പെട്ടകം കയറ്റി വന്ന വണ്ടി തെളിച്ചതാരെല്ലാം?
6. അബീനാദാബിന്റെ വീട്ടിൽ നിന്നും പെട്ടകം കൊണ്ടുവരുമ്പോൾ എവിടെ വച്ചാണ് കാള വിരണ്ടത്?
7. എല്ലാ യിസ്രായേലിലും വെച്ച് സൗന്ദര്യം കൊണ്ട് ശ്ലാഘ്യനായവൻ ആര്?
8. ഒരു രാജാവു പുരോഹിതനെ 'ദർശകാ' എന്നു സംബോധന ചെയ്തിട്ടുണ്ട്. ആര്? ആരെ?
9. പെട്ടകം കൊണ്ടുവന്നതിലെ തെറ്റ് എന്തായിരുന്നു?"
10. പുത്രന്റെ മരണവാർത്ത കേട്ടപ്പോൾ വസ്ത്രം കീറി നിലത്തു കിടന്നവൻ ആര്?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ശരിയുത്തരങ്ങൾ 50 :** 1. ശമു. 19:24 പ്രകാരം മെഫീബോശെത്ത് സത്യസന്ധനും സീബ തട്ടിപ്പുകാരനുമാകയാൽ ദാവീദ് മെഫീബോശെത്തിനെ അംഗീകരിക്കേണ്ടതായിരുന്നു. സീബ കൊല്ലപ്പെടേണ്ടതുമായിരുന്നു. 2. ശൂരന്മാരുടെ പുസ്തകം (1:18) 3. അബ്നേരിന്റെ ശവക്കുഴിയിൽ (4:12) 4. യോനാദാബ് (13:8) 5. ഇരുപതിനായിരം പേർ (18:7) 6. ബെർസില്ലായി (19:32) 7. അബീശായി (21:16,17) 8. ദാവീദ് (23:1) 9. അബ്ശാലോം യോവാബിനോട് (14:32) 10. ദാവീദ് മെഫീബോശെത്തിനോട് (19:29)

## സുവിശേഷകന്മാരുടെ പ്രാർത്ഥന

**കൊട്ടാരക്കര:** ജൂൺ മാസത്തെ സുവിശേഷകന്മാരുടെ പ്രാർത്ഥനായോഗം പുലമൺ ബ്രദറൺ ഗോസ്പൽ ഹാളിൽ 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ നടക്കുന്നതാണ്. സുവിശേഷകന്മാർ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

*സാം സഖറിയ*

## വൈ.എം.ഇ.എഫ്. ഏകദിന സമ്മേളനം

**തൃശ്ശൂർ:** വൈ.എം.ഇ.എഫ് തൃശ്ശൂർ യൂണിറ്റ് ഏകദിന സമ്മേളനം മെയ് 1 ന് ചേലക്കോട്ടുകര ബ്രദറൺ ചർച്ചിൽ വച്ച് വളരെ അനുഗ്രഹകരമായി നടന്നു. ഏകദേശം 125 സഹോദരീ സഹോദരന്മാർ സമ്മേളനത്തിൽ പങ്കെടുത്തു. അനുസരണം എന്ന വിഷയത്തെ ആസ്പദമാക്കി സുവിശേഷകൻ ജയിംസ് എം. തോമസ് നെടുമ്പാശ്ശേരി അനുഗ്രഹിക്കപ്പെട്ട ദൂതുകൾ നല്കി.

പ്രസ്തുത സമ്മേളനത്തിൽ 2014 –2015 വർഷത്തേയ്ക്കുള്ള ഭാരവാഹികളെയും കമ്മിറ്റിയംഗങ്ങളെയും തെരഞ്ഞെടുത്തു. സജി വർഗീസ് താളിക്കോട് (പ്രസിഡന്റ്), ജോഷി ജോൺ സി. സീയോൻ നെല്ലിക്കുന്ന് (വൈസ് പ്രസിഡന്റ്) ഷാജു എം.പി., മാറ്റാംപുറം (സെക്രട്ടറി), മോൻസൺ ഐസക് താളിക്കോട് (ജോയിന്റ് സെക്രട്ടറി), മാർട്ടിൻ കെ.ഒ. സീയോൻ നെല്ലിക്കുന്ന് (ട്രഷറാർ), വി.പി. പീറ്റർ ചേലക്കോട്ടുകര (പ്രയർ കോർഡിനേറ്റർ). കമ്മിറ്റിയംഗങ്ങൾ: ടി.എ. ജോൺ വരാക്കര, പൗലോസ് സി.വി. ചിറയ്ക്കാകോട്, പി.എ. ഡേവി നെല്ലിക്കുന്ന് സീയോൻ, സജി സാമുവേൽ അത്താണി, ബാബുവർഗീസ് നടത്തറ. തുടർന്നും വൈ.എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റ് പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

ഷാജു എം.പി. (സെക്രട്ടറി)
9747278788

## സഭാഹോൾ സ്തോത്രശുശ്രൂഷ




**എഴുമറ്റൂർ:** പുതുതായി പണികഴിപ്പിച്ച മലേക്കീഴ് ഇമ്മാനുവേൽ ബ്രദറൺ സഭാഹാളിന്റെ സ്തോത്രാർപ്പണ ശുശ്രൂഷ ഏപ്രിൽ 12-ാം തീയതി അനേക സുവിശേഷകന്മാരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു. എസ്.എ.ഐ. കേരള ഘടകം ചെയർമാർ പ്രൊഫ. ജേക്കബ് തോമസിന്റെ അധ്യക്ഷതയിൽ ക്രമീകരിക്കപ്പെട്ട യോഗത്തിൽ എസ്.എ.ഐ. കേരള ഘടകം സെക്രട്ടറി ബ്രദർ പി.പി. മാത്യു സമർപ്പണ ശുശ്രൂഷ നിർവ്വഹിച്ചു. സുവി. ഇട്ടി വർഗീസ് ദൈവവചനം ശുശ്രൂഷിച്ചു. കഴിഞ്ഞ മുപ്പതു വർഷമായുള്ള ഈ കൂടിവരവിന് സഭാഹോൾ ഉണ്ടായിരുന്നില്ല. ഞങ്ങളുടെ ആവശ്യത്തെ അർഹിക്കുന്ന പരിഗണന നൽകി മുട്ടിപ്പായി പ്രാർത്ഥിക്കുകയും, സാമ്പത്തിക സഹായങ്ങൾ നൽകി സഹായിക്കുകയും ചെയ്ത എല്ലാ സഹോദരീസഹോദരന്മാർക്കുമുള്ള അകമഴിഞ്ഞ നന്ദിയും സ്നേഹവും ഞങ്ങൾ സഭയായി അറിയിക്കുന്നു. ഞങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും

രാജു ജോർജ്ജ്, എം.സി. ജോൺ, എം. കെ. കുഞ്ഞുമോൻ

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള നമ്മുടെ സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം മെയ് 31 ശനിയാഴ്ച രാവിലെ 10 മുതൽ മല്ലശ്ശേരി ബ്രദറൺ സഭാഹാളിൽ നടക്കുന്നു. പ്രാർത്ഥനയോടെ പങ്കെടുക്കുക.

എ.എം. തോമസ്, മൈലപ്ര (9946188372)

### വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്, ചിന്നസേലം കാമ്പയിൻ

## പ്രവർത്തനത്തിനു പ്രചോദനമായി പരിശീലന ക്ലാസ്സുകൾ

ദൈവത്തിന്റെ അളവറ്റ കൃപയാൽ കഴിഞ്ഞ ഡിസംബർ മാസം പോണ്ടിച്ചേരിയിൽ നിന്ന് ചിന്നസേലത്ത് എത്തിയതു മുതൽ അനുഗ്രഹകരമായി പ്രവർത്തനം തുടർന്നു വരുന്നു. ആത്തൂർ, കല്ലകുറിച്ചി സ്ഥലം സഭകളുടെ സഹകരണത്തിൽ സേലം ജില്ലയിലെ ചിന്നസേലം, ആത്തൂർ, കല്ലകുറിച്ചി എന്നീ ടൗണുകൾ കേന്ദ്രീകരിച്ച് ചുറ്റുപാടുള്ള ഗ്രാമങ്ങളാണ് ഇപ്പോൾ സന്ദർശിച്ച് കർത്താവിന്റെ മഹത്വമാർന്ന സുവിശേഷം അറിയിക്കുന്നത്. കടുത്ത ചൂടിൽ വളരെ ദൂരം സഞ്ചരിച്ചാണ് സഹോദരന്മാർ പ്രവർത്തിക്കുന്നത് എങ്കിലും, മാധുര്യമേറിയ അനുഭവങ്ങൾ അവർക്ക് പ്രചോദനം വർദ്ധിപ്പിക്കുന്നു. എൻ. ഭാസ്കരൻ, ശശി, ഡേവിഡ്, ഫ്രാൻസിസ്, നകുലൻ എന്നീ സഹോദരന്മാരാണ് ഇപ്പോൾ ടീമിലുള്ളത്. കൂടാതെ ആത്തൂരിലെയും കല്ലകുറിച്ചിയിലെയും സുവിശേഷകന്മാരായ അർജ്ജുനൻ, സെൽവരാജ് എന്നിവരുടെയും മറ്റു തമിഴ് സഹോദരന്മാരുടെയും ഉത്സാഹകരമായ സാന്നിധ്യം പ്രവർത്തനത്തിൽ സജീവമായുണ്ട്. ഞായറാഴ്ചകളിൽ ടീം അംഗങ്ങൾ കല്ലകുറിച്ചി, ആത്തൂർ സഭകളിൽ മാറി മാറി കർത്താവിനെ ആരാധിച്ചു വരുന്നു. കൂടുതൽ പ്രയോജനകരമായും ക്രമീകൃതമായും കർത്താവിന്റെ മനോഹര സുവിശേഷം അറിയിക്കുന്നതിന് തമിഴ് സഹോദരന്മാർക്കുവേണ്ടി ഏപ്രിൽ ആദ്യവാരം പ്രത്യേക പരിശീലന ക്ലാസ്സുകൾ നടത്തപ്പെടുവാൻ കർത്താവു സഹായിച്ചു. സഹോദരന്മാരായ വി.എസ്. മാത്യു (ഇലന്തൂർ), എ.ജെ. ഉമ്മൻ (കുമ്പനാട്), റ്റി.പി. തോമസ് (മുണ്ടുകോട്ടയ്ക്കൽ) എന്നിവർ ക്ലാസ്സുകളെടുത്തു.

ഈ ക്ലാസ്സുകൾ സഹോദരന്മാർക്ക് വരും ദിവസങ്ങളിൽ കൂടുതൽ പ്രയോജനപ്പെടുന്നതിനും അനുഗ്രഹിക്കപ്പെട്ട ഫലങ്ങൾ കണ്ട് കർത്താവിനെ മഹത്വപ്പെടുത്തുന്നതിനും ദൈവജനം പ്രാർത്ഥിക്കുക.

ഡിവിഷണൽ സെക്രട്ടറി

## വി.ബി.എസ്.

### അനുഗ്രഹമായി നടന്നു

**പാതിരപ്പള്ളി (ആലപ്പുഴ):** ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, പ്രവർത്തനങ്ങൾ അനുഗ്രഹമായി മുന്നോട്ടു പോകുന്നു. ഏപ്രിൽ 22 മുതൽ 25 വരെ വി.ബി.എസ്. നടന്നു. എഴുപതോളം കുട്ടികൾ പങ്കെടുത്തു. ബിജു കണ്ണൻ എറണാകുളം, ഏബ്രഹാം ജേക്കബ് പുതുപ്പള്ളി, ഗോഡ്‌ലി വർഗീസ് പാലാരിവട്ടം എന്നിവർ നേതൃത്വം നൽകി.

*കെ.സി. രവി*

### ഗാനം

## സ്തുതിക്കാം രക്ഷകനെ

**പെർസിസ് തങ്കച്ചൻ, തൃപ്പൂണിത്തുറ**

എന്നെ രക്ഷിപ്പാൻ തൻ ജീവൻ തന്ന
രക്ഷകനേശുവിനെ
വാഴ്ത്തി സ്തുതിക്കാം പാടി പുകഴ്ത്താം
എന്നെന്നും മോദമോടെ

വാഴ്ത്തീടുക നാം വാഴ്ത്തീടുക...
യേശുവിൻ സ്നേഹത്തെ വാഴ്ത്തീടുക (2)

ഓരോ ദിനവും പുലർത്തുന്ന ദൈവം
കൈവിടുകില്ലിനിയും
കൂട്ടുകാർ വിട്ടാലും വീട്ടുകാർ വിട്ടാലും
സന്താപമില്ലെനിക്ക് (വാഴ്ത്തീടുക നാം..)

എണ്ണിയാൽ തീരാ നന്മകൾ തന്ന്
നടത്തുന്ന രക്ഷകനെ
ഓരോ ദിനവും നന്ദികരേറ്റി
വാഴ്ത്തി സ്തുതിച്ചിടാം (വാഴ്ത്തീടുക നം...)

### ചിന്ത

*റ്റി. വി. എസ്.*

## ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല

**ഒ**രു പാപിയായ മനുഷ്യൻ രക്ഷിക്കപ്പെട്ടു വന്നാൽ, എല്ലാം ശുഭമായെന്നും ഒരു പ്രയാസവുമില്ലാതെ ക്രിസ്തീയ ജീവിതം നടത്താമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ, ക്രിസ്തീയ ജീവിതത്തിലേക്ക് കടന്നുവന്ന് ഓരോ ദിവസവും കഴിയും തോറും ആ വ്യക്തി കാര്യങ്ങൾ അറിയുമ്പോൾ താനൊരു ആത്മീയ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് അപ്പോഴാണ് തിരിച്ചറിയുന്നത്. മൂന്നു വിധത്തിൽ ഉള്ള ശത്രുക്കൾ തനിക്കെതിരായി അണിനിരന്നിരിക്കുന്നു എന്നറിയുമ്പോൾ തന്നെ പടചേർത്തവനായ കർത്താവിനോട് കൂടുതൽ അടുക്കുവാൻ ആഗ്രഹിക്കുന്നു. കാരണം, വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിന് അതല്ലാതെ മറ്റുമാർഗ്ഗങ്ങൾ ഇല്ലല്ലോ.

'ചൈനീസ് ഗോർഡൻ' എന്ന പേരിൽ പ്രസിദ്ധനായ ഒരു വ്യക്തി സുഡാൻ പ്രദേശത്ത് തന്റെ സൈന്യത്തെ നയിക്കുകയായിരുന്നു. ശക്തിയേറിയ ഒരു കോട്ട പിടിച്ചടക്കുന്ന ജോലി തന്റെ കീഴിലുള്ള സേനാനായകന്മാരിൽ ഒരാളെ അദ്ദേഹം ഏൽപ്പിച്ചു. അനേക ദിവസങ്ങളിൽ നടന്ന ഉഗ്രമായ പോരാട്ടത്തിൽ അദ്ദേഹം ജയം പ്രാപിച്ചു. പോരാട്ടത്തിൽ ക്ഷീണിച്ച തന്റെ കുതിരയുമായി നേരെ സൈനിക താവളത്തിനുള്ളിലേക്ക് നയിച്ച് ജനറൽ ഗോർഡന്റെ മുൻപിലെത്തി. തന്റെ കുതിരയെ അവിടെ നിറുത്തി അദ്ദേഹത്തെ അഭിവാദനം ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു, "ജനറൽ, ഞാൻ ആ കോട്ട പിടിച്ചിരിക്കുന്നു." അതു കേട്ട് ശാന്തനായ ഗോർഡൻ പ്രതിവചിച്ചു. "പോയി മറ്റൊന്നുകൂടെ പിടിക്കുക." ഉടനെ അദ്ദേഹം അതിനു തയ്യാറായി.

ജനറൽ പറഞ്ഞതുപോലെ കോട്ട പിടിച്ചുകഴിഞ്ഞപ്പോൾ തന്റെ പ്രവർത്തന പരിപാടി കഴിഞ്ഞു എന്നാണ് സേനാനായകൻ കരുതിയത്. എന്നാൽ ഗോർഡൻ പറഞ്ഞത്, ഇനിയും പിടിക്കേണ്ടതുണ്ട് എന്നാണ്. ഇന്ന് ദൈവമക്കൾ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് കൂട്ടായ്മയിൽ പങ്കെടുത്താൽ ജോലി കഴിഞ്ഞു എന്ന് ചിന്തിക്കുന്നവരുണ്ട്. ഇനി യാതൊരു ചുമതലയും ഇല്ല എന്നാണ് അങ്ങനെയുള്ളവർ കരുതുന്നത്. കാരണം സ്വർഗ്ഗത്തിലേക്കുള്ള വിസയും, പാസ്പോർട്ടും കിട്ടിയല്ലോ. ഹാ! എന്തൊരു സൗകര്യമുള്ള ക്രിസ്തീയ ജീവിതം. എന്നാൽ അങ്ങനെ ചിന്തിക്കുന്നവർക്ക് ഒരിക്കലും ആത്മീയജീവിതത്തിൽ പുരോഗതിയോ, വളർച്ചയോ, സ്വർഗ്ഗീയ അനുഗ്രഹങ്ങളോ പിടിച്ചുപറ്റുവാൻ കഴിയുന്നതല്ല. നമ്മുടെ ചുറ്റും ശത്രുകോട്ടകൾ തീർത്തിട്ടുണ്ട്. എന്നാൽ നാം അതിനെ തകർത്ത് വിശ്വാസത്താൽ മുന്നിലേക്ക് നീങ്ങണം. യോശുവയോട് ദൈവം പറഞ്ഞതുപോലെ: "നീ വയസ്സുചെന്ന് വൃദ്ധനായിരിക്കുന്നു, ഇനി ഏറ്റവും വളരെ ദേശം കൈവശമാക്കാനുണ്ട്" (യോശ. 13:1). യുദ്ധം തുടരുകയാണ്, നമ്മുടെ ജീവിതത്തിന്റെ ചിലയിടങ്ങൾ യഹോവയ്ക്കു വിട്ടുകൊടുക്കുവാൻ, സമർപ്പിക്കുവാൻ തയ്യാറാകാതെ നാം കൈവശം വച്ചിരിക്കുകയാണ്. പിന്നെ എങ്ങനെയാണ് ക്രിസ്തീയ ജീവിത പോരാട്ടത്തിൽ വിജയിക്കുന്നത്? ആകയാൽ, പിൻപിലുള്ളത് മറക്കാം, മുന്നിലേക്കുള്ള ലാക്കിലേക്കോടാം. ഇതൊരു പോർക്കളമാണ്; കളിസ്ഥലമാണെന്ന് ചിന്തിക്കരുത്. നാം ആരും തികഞ്ഞവരായെന്നോ, പൂർണ്ണതയുള്ളവരായെന്നോ ധരിക്കരുത്. നമുക്കും പൂർണ്ണതയിൽ എത്താമോ എന്ന് ശ്രമിക്കാം. അതിന്നായി ദൈവം നമ്മെ സഹായിക്കട്ടെ.

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 19
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**
Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**24.05.2014**

REGISTERED
*Reg. No. RN 29475/78*
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: D'Club, Kallissery.